# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഡബ്ല്യു വൈ ഡി)-പി4-575/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 18/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(ഡബ്ല്യൂ വൈ ഡി)-പി4-575/2022 തീയ്യതി: 18/07/2022

## വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 30-11-2021 മുതൽ 22-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വസന്ത. പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 23-06-2022 |
| ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 24-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ.എൻ.എം,ഓഡിറ്റ് ഓഫീസർ
ശ്രീമതി.കെ.കെ.ബിന്ദു.അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.കെ.അലി.അക്ബർ,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.അനിൽ ജോസ് ഡൊമിനിക്,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ. ശോഭൻകുമാർ | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| ശ്രീമതി. ഷീജ സതീഷ് | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| ശ്രീ. ഹരിനാരായണൻ | സെക്രട്ടറി | 19-02-2021 | 26-02-2021 |
| ശ്രീ. സുരേഷ്.എം.ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-02-2021 | 28-02-2021 |
| ശ്രീ. ശ്രീജിത്ത്.എ.ആർ | സെക്രട്ടറി | 01-03-2021 | 31-03-2021 |
| ശ്രീമതി.എംആർ.ഹേമലത | സെക്രട്ടറി | 01-04-2020 | 18-02-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷാജികുമാർ.പി.ആർ | അസി.സെക്രട്ടറി | 01-04-2020 | 27-10-2020 |
| ശ്രീ. സുരേഷ്.എം.ബി | അസി.സെക്രട്ടറി | 28-10-2020 | 31-03-2021 |
| ശ്രീമതി ചിത്ര എ. ആർ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. അസൈനാർ കെ. | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ. ദാഹർ മുഹമ്മദ് വി.പി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. രഞ്ജിത്ത് കെ.ജി. | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീ. ബിജു.വി.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഷാലി ടി.സി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി .ഡീന ജോസഫ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-06-2020 | 31-03-2021 |
| ശ്രീ.സുരേന്ദ്രൻ കെ.എ. | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ. ലെനിൻ.ടി.ഇ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.നിഷ വി .കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 16-04-2020 |
| ഡോ.അരുൺകുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 17-04-2020 | 25-12-2020 |
| ഡോ.ദീപ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 26-12-2020 | 19-02-2021 |

| | | | |
|---|---|---|---|
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 20-02-2021 | 31-03-2021 |
| ശ്രീമതി .സുഹറ.ടി.കെ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ആഷിഖ് ബാബു.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 04-11-2020 |
| ശ്രീ.ഷാജി.സി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 05-11-2020 | 31-03-2021 |

നിർവ്വഹണാധികാരികൾ - 07/11/2020 മുതൽ 19/12/2020 വരെ ഭരണനിർവ്വഹണ കമ്മിറ്റി

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ali Akbar. K (Asst. Audit Officer, On 02-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 04-07-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 04-07-2022) | 1-1-1 |
| 3 | ബജറ്റ് പൂർണ്ണമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 04-07-2022) | 1-1-2 |
| 4 | ബജറ്റ് വാസ്തവികമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 04-07-2022) | 1-1-3 |
| 5 | വാർഷികധനകാര്യപത്രിക<br>Written By: Ali Akbar. K (Asst. Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 06-07-2022) | 1-2 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Ali Akbar. K (Asst. Audit Officer, On 02-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 02-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം ( ACR പ്രകാരം)<br>Written By: Ali Akbar. K (Asst. Audit Officer, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 06-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 06-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 03-07-2022) | 1-7 |
| 11 | ക്യാഷ് പരിശോധന<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 06-07-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 16-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 06-07-2022) | 1-10 |
| 14 | വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-11 |
| 15 | റിസോർട്ടുകളിലെ അനധികൃത നിർമാണങ്ങൾക്ക് നികുതി ഈടാക്കാത്തത് സംബന്ധിച്ച്.<br>Written By: Anil Jose Dominic (Auditor, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-12 |
| 16 | പഞ്ചായത്ത് പരിധിയിൽ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല<br>Written By: Anil Jose Dominic (Auditor, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-13 |

| | | |
|---|---|---|
| 17 | കളക്ഷൻ രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Anil Jose Dominic (Auditor, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-14 |
| 18 | മെഡിക്കൽ ഓഫീസർ കാലവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിക്കുന്നു.<br>Written By: Anil Jose Dominic (Auditor, On 02-07-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 16-07-2022) | 1-15 |
| 19 | പെൻഷൻ വിതരണം -മരണമടഞ്ഞവരുടെ പെൻഷൻ തിരിച്ചടക്കുന്ന വിവരങ്ങൾ ലഭ്യമല്ല.<br>Written By: Anil Jose Dominic (Auditor, On 02-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-16 |
| 20 | ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-17 |
| 21 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് -അപാകതകൾ<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-18 |
| 22 | പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് പിഴ ഈടാക്കാതെ കൂടുതൽ സമയം അനുവദിച്ചു.-നഷ്ടം ₹109955/-<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-19 |
| 23 | ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് സംബന്ധിച്ച്<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-20 |
| 24 | അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-21 |
| 25 | ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-22 |
| 26 | ജലസേചനപദ്ധതികൾ-ആയക്കെട്ട് സർട്ടിഫിക്കറ്റ് ഇല്ലാതെ പദ്ധതികൾ നടപ്പാക്കി.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-23 |
| 27 | കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ,ഫോർമേഷൻ -PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ നഷ്ടം-പൂർത്തികരണകാലാവധി ദീർഘിപ്പിച്ചിട്ടും. പിഴ ഈടാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-24 |
| 28 | പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്ന് -ടെണ്ടർ കുറവ് വരുത്തിയില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-25 |
| 29 | കൺമണി പദ്ധതി നിർവഹണം-പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധം<br>Written By: Leelakrishnan.N.M (Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-26 |
| 30 | അംഗൺവാടി പോഷകാഹാരം- വെളിച്ചെണ്ണ വിതരണം ചെയ്തതിൽ കുറവ് സംഭവിച്ചു<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-27 |

| | | |
|---|---|---|
| 31 | അംഗൺവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ പരിമിതപ്പെടുത്തിയാണോ സാധനങ്ങൾ വാങ്ങിയതെന്ന് പരിശോധിക്കുവാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 1-28 |
| 32 | അംഗൺവാടി പോഷകാഹാരം-ഗുണനിലവാരം ഉറപ്പുവരുത്താതെ വിതരണം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-29 |
| 33 | ലൈഫ് പദ്ധതി എസ്.ടി- സ്ഥലം വാങ്ങിയത് - സുതാര്യമല്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-30 |
| 34 | അനിവാര്യ വകയിരുത്തലുകൾ നടത്തേണ്ട പദ്ധതികൾ- മതിയായ വകയിരുത്തൽ ഇല്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-31 |
| 35 | നിർമ്മിതി കേന്ദ്രത്തിന് നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ട് പ്രവർത്തി കരാർ നൽകി<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-32 |
| 36 | ലൈഫ് പദ്ധതി ഒന്നാം ഘട്ടം -വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-33 |
| 37 | ലൈഫ് പദ്ധതി ജനറൽ- വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-34 |
| 38 | ലൈഫ് മിഷൻ പദ്ധതി - പൊതു അപാകതൾ<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-35 |
| 39 | ലൈഫ് പദ്ധതി എസ്.ടി- വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-36 |
| 40 | ലൈഫ് പദ്ധതി (ജനറൽ)- സ്ഥലം വാങ്ങിയത് - സുതാര്യമല്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 04-07-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 16-07-2022) | 1-37 |
| 41 | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി (പ്രൊ.നം.401/21)-കാട്ടേഷൻ ചെയ്യാത്തതു സംബന്ധിച്ച്<br>Written By: Leelakrishnan.N.M (Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-38 |
| 42 | പദ്ധതി രൂപീകരണം -നിർവഹണം-തുക ചെലവഴിക്കുന്നതിൽ നിയന്ത്രണം ആവശ്യമാണ്<br>Written By: Leelakrishnan.N.M (Audit Officer, On 04-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 1-39 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ,ഫോർമേഷൻ -PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ നഷ്ടം-പൂർത്തികരണകാലാവധി ദീർഘിച്ചിട്ടും. പിഴ ഈടാക്കിയിട്ടില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | |
| 2 | പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്ന് -ടെണ്ടർ കുറവ് വരുത്തിയില്ല.<br>Written By: K.K.Bindu (Asst. Audit Officer, On 01-07-2022)<br>Last Updated By: K.K.Bindu (Asst. Audit Officer, On 01-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 03-07-2022) | 4-1 |
| 2 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 15-07-2022) | 4-2 |
| 3 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 03-07-2022) | 4-3 |
| 4 | ഓഡിറ്റ് റിക്കവറി<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 03-07-2022) | 4-4 |
| 5 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 06-07-2022) | 4-5 |
| 6 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 18-07-2022) | 4-6 |
| 7 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Ali Akbar. K (Asst. Audit Officer, On 03-07-2022)<br>Last Updated By: AUGUSTIAN.O.K (Deputy Director, On 18-07-2022) | 4-7 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

09/03/2020-ാം തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം 2020-21-ലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 20.02.2021-ാം തീയതിയിലെ 2/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

വിശദ വിവരം താഴെ പറയുന്നു.

| ഇനം | ബജറ്റ് (തീരുമാനം നം. 1/1 തീ 09/03/2020) | പുതുക്കിയ ബജറ്റ് (തീരുമാനം നം. 2/1 തീ 20/02/2021) |
|---|---|---|
| വരവ്(₹) | 67,79,46,492.00 | 6,89,83,658.00 |
| ചെലവ്(₹) | 67,61,18,000.00 | 6,88,168,000.00 |
| മിച്ചം(₹) | 18,28,492.00 | 16,68,584.00 |

### 1-1-1 ബജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

ബജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

### 1-1-2 ബജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബജറ്റ് പ്രസംഗം.

2. ബജറ്റ് നോട്ട്സ്.

3. ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും.

4. പെർഫോമൻസ് ബജറ്റ്.

5. ജെന്റർ ബജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബജറ്റ് അപൂർണ്ണമാണ്.

### 1-1-3 ബജറ്റ് വാസ്തവികമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് വാർഷിക കണക്കുമായി വളരെ അന്തരം ഉണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് 2020-21 പ്രകാരം(₹) | പുതുക്കിയ ബജറ്റ് പ്രകാരം(₹) | വാർഷിക കണക്ക് പ്രകാരം(₹) |
|---|---|---|---|
| മുൻ ബാക്കി | 12,79,492.00 | - | 2,66,09,583.00 |
| ആകെ വരവ് | 67,79,46,492.00 | 6,89,83,658.00 | 17,66,80,885.00 |
| ആകെ ചെലവ് | 67,61,18,000.00 | 6,88,168,000.00 | 16,93,30,471.00 |
| നീക്കി ബാക്കി | 18,28,492.00 | 16,68,584.00 | 3,39,59,997.00 |

വാസ്തവികമല്ലാത്ത ബജറ്റ് തയ്യാറാക്കുന്നത് മൂലം ബജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് മൂലം തുക വകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടും. ആയതിനാൽ, യഥാർത്ഥ്യ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.ഓഡിറ്റിന് സമർപ്പിച്ച ബജറ്റ് എസ്റ്റിമേറ്റിൽ 7 അക്ക കോഡ് ആണുള്ളത്. എന്നാൽ, വാർഷിക കണക്കിൽ 9 അക്ക കോഡ് ആണുള്ളത്. അതിനാൽ, ബജറ്റ് എസ്റ്റിമേറ്റ്, വാർഷിക കണക്കുമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 18.02.2022 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ്(₹) | 2,66,09,583.00 |
| വരവ്(₹) | 17,66,80,885.00 |
| ആകെ(₹) | 20,32,90,468.00 |
| ചെലവ് (₹) | 16,93,30,471.00 |
| നീക്കിയിരിപ്പ്(₹) | 3,39,59,997.00 |

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ്/ അലോട്ട്മെന്റ് (₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ് / ലാപ്സായ തുക(₹) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 2,96,46,982 | 2,96,46,982 | 2,96,187,22 | 28,260 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 25,91,010 | 25,91,010 | 19,64,705 | 6,26,305 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 2,92,09,171 | 2,92,09,171 | 2,56,97,478 | 35,11,693 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 2,74,67,000 | 2,74,67,000 | 2,74,67,000 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 77,69,613 | 77,69,613 | 77,69,613 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 4,25,03,338 | 4,25,03,338 | 1,70,43,012 | 25,460,326 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | - | - | - | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | 3,26,751 | 1,28,57,151 | 1,28,57,151 | 53,30,440 | 75,26,711.00 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ,SCP,TSP എന്നിവ A.C.Rമായി യോജിക്കുന്നില്ല. ചെലവ് പത്രിക പ്രകാരം അവ യഥാക്രമം 32141114രൂപയും 19,79,332രൂപയും, 2,59,90,105രൂപയുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 340 | 22,70,33,861 | 249 | 15,12,29,756 | 195 | 94 | 65 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,47,807.47 | 22,74,363 | 30,22,170.47 | 28,41,901.7 | 1,80,268.77 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 6,33,29,120 | 6,33,29,120 | 6,33,29,120 | - |
| മെറ്റീരിയൽസ് | - | 1,77,77,277 | 1,77,77,277 | 1,77,77,277 | - |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | - |
| കർഷകതൊഴിലാളി പെൻഷൻ | 5821100 | 316 |
| വിധവാപെൻഷൻ | 26221000 | 1428 |
| വാർദ്ധക്യകാലപെൻഷൻ | 31755100 | 2158 |
| വികലാംഗപെൻഷൻ | 6229000 | 327 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1027600 | 59 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/06/2022-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 1,150 ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. വിശദ വിവരം താഴെ കൊടുക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച് നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചിട്ടില്ല.

2. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണയും വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 12തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 14തവണയും പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി 10 തവണയും 2020-21സാമ്പത്തിക വർഷം യോഗം ചേർന്നിട്ടുണ്ട്. കേരള പഞ്ചായത്ത്‌രാജ് ആക്റ്റ് വകുപ്പ് 162എ(എ)(i) പ്രകാരം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ നികുതി വരവുകൾ കണ്ടെത്തുന്നതിനോ, ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ, നികുതിയിനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും വരവ്-ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്.

3. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ച് കൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നില്ല. 2020-21-ൽ, ആകെ ആറ് തവണ മാത്രമാണ് (08/06/20,16/07/20,21/08/20,31/10/20,24/12/20,05/03/21) സ്റ്റാഫ് മീറ്റിങ്ങ് വിളിച്ചിരിക്കുന്നത്. അതിനാൽ, ജീവനക്കാരുടെ പ്രതിമാസ പ്രവർത്തന വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ചുമതലകൾ ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകിയിട്ടില്ല. ഓരോ ജീവനക്കാരനെയും ഏൽപ്പിക്കുന്ന ചുമതലകൾ കാര്യക്ഷമമായും ഫലപ്രദമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് സെക്ഷനുകളുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെങ്കിലും ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.

4. 2020-21 വർഷത്തെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. F.D രജിസ്റ്റർ, ഇൻവസ്റ്റ്മെന്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇലക്ട്രോണിക് ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, ഒ.ഡി രജിസ്റ്റർ, പി.ആർ രജിസ്റ്ററുകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക കണക്കുമായി പരിശോധന നടത്തുന്നതിന് അനുയോജ്യമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.

5. രശീതി കളക്ഷൻ രജിസ്റ്ററുകൾ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ നിയമിച്ചുകൊണ്ടുള്ള ഫ്രണ്ട് ഓഫീസ് ഡയറി ലഭ്യമാക്കിയിട്ടില്ല.

7. വാർഷികകണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല.

8. പബ്ലിക് വർക്കുകൾ കൃത്യ സമയത്ത് കരാറുകാർ പൂർത്തിയാക്കുന്നില്ല.

9. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നില്ല.

10. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.04.2022<br>20.04.2022 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.07.2014 TO 25.07.2014 | 2009-10 To 2013-14 | 17.09.2014 |

## 1-11 വാർഷികകണക്കുകൾ പരിശോധിച്ചതിലെ അപാകതകൾ

18.02.22- ന് ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകൾ ILGMS സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്.വാർഷികകണക്കുകളും ILGMS സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകളും പരിശോധിച്ചതിൽ

താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൌണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഇല്ല.

2..Sale Of Tender Form - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

3.ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.

4.തൊഴിൽ നികുതി 2019-20 ലെ അഡ്വാൻസ് കളക്ഷൻ 2019-20 ലെ AFS പ്രകാരം111740 രൂപയാണ്.2020-21 ലെ രജിസ്റ്ററിൽ കാണുന്നത് 130345ആണ് .വ്യത്യാസം വിശദീകരിച്ചിട്ടില്ല.

5. ബി-4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിട്ടുള്ള ടോട്ടൽ സാനിറ്റേഷൻ, ഐ.സി.ഡി.എസ്., ശുചിത്വ മിഷൻ തുടങ്ങിയ ഒരു ഫണ്ടുകൾക്കും പ്രത്യേക ബാങ്ക് അക്കൌണ്ടുകൾ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള പ്രസ്തുത ഫണ്ടുകൾക്ക് എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത ഫണ്ടുകളുടെയും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന്റെയും നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

6. വാർഷിക കണക്കിലെ ബാലൻഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 27,352,522 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

7. RP 7 ൽ ഉൾപ്പെടുന്ന 160100501,160100744,160100799 എന്നീ ഹെഡുകളിലെ വരവുകൾ ഒത്തുനോക്കുവാനുള്ള രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

8.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.ഉദാഹരണമായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേര് കേരള ഗ്രാമീൺ ബാങ്ക് കല്ലൂർ ശാഖയിൽ A/c No 40179101047664 ൽ 31.03.2021ന് 567467രൂപ നീക്കിയിരിപ്പുണ്ട്. ഈ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

10.വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

11.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല.

12. വാർഷിക കണക്ക് രസീപ്റ്റ് & പേമെന്റ് അക്കൗണ്ടിൽ തൻവർഷം Secured Loan അക്കൗണ്ടിലെ വരവ് തുകയും മുൻവർഷത്തെ ബാലൻസ് എന്നിവ കൂട്ടിയാൽ തൻവർഷത്തെ ബാധ്യത തുകയുമായി പൊരുത്തപ്പെടുന്നില്ല

13. സെക്യേർഡ് ലോൺ . സോഴ്സിൽ നിന്നും കുറവ് ചെയ്യുന്ന തുക അക്കൗണ്ട് ചെയ്യുന്നതായി കാണുന്നില്ല.

14.ഡെപ്പോസിറ്റ് രജിസ്റ്റർ തൻവർഷം കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.ആയതിനാൽ ആ വിവരങ്ങൾ ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

15.വസ്തുനികുതി വരവ് വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | DCB പ്രകാരം | AFS പ്രകാരം |
|---|---|---|
| വസ്തുനികുതി തന്നാണ്ട് | 3344642 | 3199346 |
| കുടിശ്ശിക | 259731 | 230538 |

16.സാഫല്യം ലോണിന്റെ രജിസ്റ്റർ പ്രകാരം 2020-21 വർഷാവസാനം ഒടുക്കാൻ ബാക്കിയുള്ള ലോണിന്റെ മുതൽ തുക ₹4152071/- യും പലിശ ₹612963/- യുമാണ്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ മുതലും പലിശയുമടക്കം ₹6981522/- ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

17.മുൻവർഷത്തെ AFS പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ നാളിതുവരെയും പരിഹരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം.16 /20-21തീയതി 29.06.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി

നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 റിസോർട്ടുകളിലെ അനധികൃത നിർമാണങ്ങൾക്ക് നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിൽ അനധികൃത നിർമാണങ്ങൾ നടത്തുന്നതായും നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് ഗണ്യമായ നഷ്ടമുണ്ടാകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് 9ാം വാർഡിൽ പ്രവർത്തിക്കുന്ന എമറാൾഡ് വൈൽഡ് വെസ്റ്റ് റിസോർട്ടിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ നിന്ന് നിലവിൽ മേൽ റിസോർട്ടിന് പഞ്ചായത്ത് രേഖകൾ പ്രകാരമുള്ളതിന്റെ മൂന്ന് ഇരട്ടിയോളം വിസ്തീർണമുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ നൽകുന്നു.

A) പഞ്ചായത്ത് രേഖകൾ പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം, ഡയറക്ടർ എമറാൾഡ് വൈൽഡ് വെസ്റ്റ് റിസോർട്ട് എന്നവരുടെ ഉടമസ്ഥതയിൽ 9/310,9/311/,9/312,9/313,9/313എ എന്നീ നമ്പറുകൾ നൽകിയിട്ടുള്ളതായി കാണുന്നു. മേൽ കെട്ടിടങ്ങൾക്ക് റിസോർട്ടുകൾക്കുള്ള 90/ച.മീ നികുതി നിരക്കിൽ താഴെ പറയുന്ന രീതിയിലാണ് നികുതി നിർണയിച്ചിട്ടുള്ളത്

| സി.നം | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണം(ച.മീ) | നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 1 | 9/310 | 72 | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-90*72=6480<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 6480*20 /10 =1296<br>മേഖലയുടെയും(ദ്വിതീയം), മേൽക്കൂരയുടെയും അടിസ്ഥാനത്തിലുള്ള കിഴിവ് (20%)=6480*20/100=1296<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=6480<br>ഗ്രന്ഥശാല വരി(5%)=324<br>ആകെ നികുതി (ഗ്രന്ഥശാല വരി അടക്കം=6480+324=6804രൂപ |
| 2 | 9/311 | 60 | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-90*60=5400<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 5400*20/ 100=1080<br>മേഖലയുടെയും(ദ്വിതീയം)(10%), മേൽക്കൂരയുടെയും (10%) (കുറഞ്ഞ തരം മേൽക്കൂര) കാലപ്പഴക്കത്തിന്റെയും (20%) അടിസ്ഥാനത്തിലുള്ള കിഴിവ് (40%)=5400*40/100=2160<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കി ഴിവ്=4320<br>ഗ്രന്ഥശാല വരി(5%)=216<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം = 4320 + 216 = 4536രൂപ |
| 3 | 312 | 75 | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-90*75=6750<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് (20%) = 6750*20/100=1350രൂപ<br>മേഖലയുടെ (ദ്വിതീയം) അടിസ്ഥാനത്തിലുള്ള കിഴിവ് (10%) = 6750 *10/ 100=675<br>ആകെ വസ്തു നികുതി = (അടിസ്ഥാന വസ്തു നികുതി + വർദ്ധനവ് - കിഴിവ്=7425രൂപ<br>ഗ്രന്ഥശാല വരി(5%) =372രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം = 7425 +372=7797രൂപ |
| 4 | 313 | 75 | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-90*75=6750<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 6750*20/100=1350രൂപ<br>മേഖലയുടെയും(ദ്വിതീയം) മേൽക്കൂരയുടെയും (കുറഞ്ഞതരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) =<br>6750*20/100=1350രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്- കിഴിവ് = |

| | | | |
|---|---|---|---|
| | | | 6750രൂപ<br>ഗ്രന്ഥശാല വരി(5%)=338രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം = 6750 +338=7088രൂപ |
| 5 | 313A | 178.56 | കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി-90*178.56=16070.4രൂപ<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 16070.4*20/100=3214രൂപ<br>മേഖലയുടെ (തൃതീയം) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) = 16070.4*20/100 3214രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=16071രൂപ<br>ഗ്രന്ഥശാല വരി(5%)=804രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം = 16071 +804=16875രൂപ |

ആകെ നിലവിൽ മേൽ റിസോർട്ട് ഉടമകളിൽ നിന്ന് 5 കെട്ടിടനമ്പറുകളുടെതായി 460.5 ച.മീ വിസ്തീർണത്തിന് 43100 രൂപയാണ് നികുതിയായി ഈടാക്കി വരുന്നത്.മേൽ കെട്ടിടങ്ങളിൽ 5/313എ നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല തൃതീയമായും മറ്റ് കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല ദ്വിതീയമായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.മേൽ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി റിസോർട്ട് സ്ഥിതി ചെയ്യുന്ന സ്ഥലം 2011 ലെകേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും 7ാം ചട്ടങ്ങളും പ്രകാരം ഏത് മേഖലയിലാണ് ഉൾപ്പെടുത്തിയാണ് പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുള്ളതെന്ന് 25.06.2022ാം തീയതിയിലെ 5/2020-21 നമ്പർ ഓഡിറ്റ് അന്വേഷണം വഴി ആരാഞ്ഞെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

B) പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ട വസ്തുതകൾ

മേൽ റിസോർട്ടിൽ പഞ്ചായത്ത് ഓഫീസിലെ ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെയും സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയും താഴെ പറയുന്ന പ്രകാരം റിസോർട്ടിൽ അധിക നിർമാണങ്ങൾ നടത്തിയതായി ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.അധിക നിർമാണങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതിനും ,റിസോർട്ടിനൊടനുബന്ധിച്ച് നിർമാണം പൂർത്തീകരിച്ച മുഴുവൻ കെട്ടിടങ്ങളുടെയും നികുതി ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/2020-21 / 25.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ നിർമാണങ്ങൾ അനധികൃതമാണെന്ന നിഗമനത്തിലെത്തുന്നു.

| സി.നം | അനധികൃത നിർമാണങ്ങളുടെ വിശദവിവരങ്ങൾ | അനധികൃത നിർമാണങ്ങൾക്ക് കണക്കാക്കേണ്ട വാർഷിക നികുതി(കെട്ടിടങ്ങളെല്ലാം സ്ഥിതി ചെയ്യുന്നത് ദ്വിതീയ മേഖലയാണെന്ന നിഗമനത്തിൽ) |
|---|---|---|
| 1 | 178.5 ച.മീ വിസ്തീർണം വരുന്ന രണ്ട് നിലകളായി പണി കഴിപ്പിച്ചിട്ടുള്ള 313 എ നമ്പർ കെട്ടിടത്തിന് മുകളിലായി ഷീറ്റ് മേഞ്ഞ 89 ച.മീ വിസ്തീർണം വരുന്ന മറ്റൊരു നില കൂടി അധികമായി നിർമാണം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 2 നിലകളിൽ കൂടുതലുള്ള പാർപ്പിടേതര ആവശ്യത്തിനുപയോഗിക്കുന്ന മേൽ കെട്ടിടത്തിൽ അഗ്നി സുരക്ഷ കോണി നിർമിച്ചിട്ടില്ല. | അധിക നിർമാണം നടത്തിയ വിസ്തീർണം=89 ച.മീ<br>അടിസ്ഥാന വസ്തു നികുതി-90*89 = 8010രൂപ<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 8010*20/100=1602രൂപ<br>മേഖലയുടെയും (ദ്വിതീയം) മേൽക്കൂരയുടെയും (കുറഞ്ഞ തരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള<br>കിഴിവ് (20%) = 8010*20/100 1602രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=8010രൂപ<br>ഗ്രന്ഥശാല വരി(5%)=401രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം = 8010 +411=8411രൂപ |

| | | |
|---|---|---|
| | | |
| 2 | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 9/312 നമ്പർ കെട്ടിത്തിന് 75 ച.മീ വിസ്തീർണമാണുള്ളത്. എന്നാൽ ഓവർസിയർ അളന്ന്<br>തിട്ടപ്പെടുത്തിയ മേൽ കെട്ടിത്തിന്റെ വിസ്തീർണം 130 ച.മീ ആണ്.മേൽ കെട്ടിടത്തിൽ 55 ച.മീ അനധികൃത നിർമാണം നടത്തിയിട്ടുണ്ട്. | അനധികൃത നിർമാണം നടത്തിയ വിസ്തീർണം= 55 ച.മീ<br>അടിസ്ഥാന വസ്തു നികുതി-90*55 = 4950രൂപ<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 4950*20/100=990രൂപ<br>മേഖലയുടെയും (ദ്വതീയം) മേൽക്കൂരയുടെയും (കുറഞ്ഞ തരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) = 4950*20/100=990രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=4950രൂപ<br>ഗ്രന്ഥശാല വരി(5%)=248രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം) =4950 +248=5198രൂപ |
| 3 | 9/312 നമ്പർ കെട്ടിടത്തിന് മുകൾ വശത്തായി 13.50 ച.മി വീതം വിസ്തീർണം വരുന്ന ഓട് മേഞ്ഞ 8 ഹട്ടുകളുടെ നിർമാണവും<br>(ആകെ വിസ്തീർണം 13.5*8=108ച.മീ) രണ്ട് നിലകളിലായി ആകെ 62 ച.മീ വിസ്തീർണം വരുന്ന ഷീറ്റ് മേഞ്ഞ മറ്റൊരു കെട്ടിടത്തിന്റെ നിർമാണവും പൂർത്തീകരിച്ചിട്ടുണ്ട് . മേൽ കെട്ടിടങ്ങൾക്ക് നമ്പർ ലഭിച്ചതായി കാണുന്നില്ല. കൂടാതെ സമീപത്തായി ഒരു നീന്തൽക്കുളത്തിന്റെ നിർമാണ<br>പ്രവർത്തികളും നടന്ന് വരുന്നു. | അനധികൃത നിർമാണം നടത്തിയ വിസ്തീർണം=170 ച.മീ {13.50 വിതം വിസ്തീർണം വരുന്ന8 ഹട്ടുകളുടെ ആകെ വിസ്തീർണം = 108 ച.മീ +62ച.മീ (രണ്ട് നിലകളുള്ള സമീപ കെട്ടിടത്തിന്റെ വിസ്തീർണം) }<br>അടിസ്ഥാന വസ്തു നികുതി-170*90 = 15300രൂപ<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 15300*20/100=3060രൂപ<br>മേഖലയുടെയും (ദ്വതീയം) മേൽക്കൂരയുടെയും (കുറഞ്ഞ തരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) = 15300*20/100=3060രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=15300രൂപ<br>ഗ്രന്ഥശാല വരി(5%)=765രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം) =15300+765=16065രൂപ |
| 4 | സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരം പ്രകാരം 75 ച.മീ മാത്രം വിസ്തീർണം വരുന്ന 9/313 നമ്പർ കെട്ടിടത്തിൽ<br>കൂട്ടിചേർക്കലുകൾ വരുത്തി നിലവിൽ രണ്ട് നിലകളിലായി 228 ച.മീ വിസ്തീർണമുണ്ട്. 153 ച.മീ (228-75) വിസ്തീർണം<br>വരുന്ന അനധികൃത നിർമാണം മേൽ കെട്ടിടത്തിൽ നടത്തിയിട്ടുണ്ട്. | അനധികൃത നിർമാണം നടത്തിയ വിസ്തീർണം=153ച.മീ<br>അടിസ്ഥാന വസ്തു നികുതി- 153*90 = 13770രൂപ<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 13770*20/100=2754രൂപ<br>മേഖലയുടെയും (ദ്വതീയം) മേൽക്കൂരയുടെയും (കുറഞ്ഞ തരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) = 13770*20/100=2754രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=13770രൂപ<br>ഗ്രന്ഥശാല വരി(5%)=689രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം) =13770+689=14459രൂപ |
| 5 | 9/313 നമ്പർ കെട്ടിടത്തിന് സമീപത്തായി രണ്ട് നിലകളിലായി 39.68 ച.മീ വിസ്തീർണം | അനധികൃത നിർമാണം നടത്തിയ വിസ്തീർണം=39.68ച.മീ<br>അടിസ്ഥാന വസ്തു നികുതി-39.68*90 = 3571രൂപ |

| | | |
|---|---|---|
| | വരുന്ന രണ്ട് നില കെട്ടിടം നിർമിച്ചിട്ടുണ്ട്.മേൽ കെട്ടിടത്തിന് നമ്പർ ലഭിച്ചതായി കാണുന്നില്ല. | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 3571*20/100=714രൂപ<br>മേഖലയുടെയും (ദ്വതീയം) മേൽക്കൂരയുടെയും (കുറഞ്ഞ തരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) = 3571*20/100=714രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=3571രൂപ<br>ഗ്രന്ഥശാല വരി(5%)=179രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം) =3571+179=3750രൂപ |
| 6 | റിസോർട്ടിന് സമീപത്തെ കുളത്തിനോട് ചേർന്ന് 106.93 ച.മീ (12.58*8.5) വിസ്തീർണം വരുന്ന ഒരു കെട്ടിടം നിർമിച്ചിട്ടുണ്ട്.മേൽ കെട്ടിടത്തിനും നമ്പർ ലഭിച്ചതായി കാണുന്നില്ല | അനധികൃത നിർമാണം നടത്തിയ വിസ്തീർണം=106.93ച.മീ<br>അടിസ്ഥാന വസ്തു നികുതി-106.93*90 = 9624രൂപ<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 9624*20/100=1925രൂപ<br>മേഖലയുടെയും (ദ്വതീയം) മേൽക്കൂരയുടെയും (കുറഞ്ഞ തരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) = 9624*20/100=1925രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=9624രൂപ<br>ഗ്രന്ഥശാല വരി(5%)=481രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം) =9624+481=10105രൂപ |
| 7 | റിസോർട്ടിലേക്കുള്ള പ്രവേശന കവാടത്തിനരികിലായി വനത്തിനോട് ചേർന്ന് രണ്ട് നിലകളിലായി ആകെ 31.85 ച.മീ വീതം വിസ്തീർണം വരുന്ന 8 ഹട്ടുകൾ കൂടി നിർമിച്ചിട്ടുണ്ട്.ആകെ 255 ച.മീ (31.85*8) വിസ്തീർണം വരുന്ന മേൽ കെട്ടിടങ്ങൾക്കും നമ്പർ ലഭിച്ചതായി കാണുന്നില്ല. | അനധികൃത നിർമാണം നടത്തിയ വിസ്തീർണം=255ച.മീ<br>അടിസ്ഥാന വസ്തു നികുതി-255*90 = 22950രൂപ<br>വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ്(20%) = 22950*20/100 =4590രൂപ<br>മേഖലയുടെയും (ദ്വതീയം) മേൽക്കൂരയുടെയും (കുറഞ്ഞ തരം മേൽക്കൂര) അടിസ്ഥാനത്തിലുള്ള കിഴിവ് (20%) = 22950*20/100=4590രൂപ<br>ആകെ വസ്തു നികുതി=(അടിസ്ഥാന വസ്തു നികുതി+വർദ്ധനവ്-കിഴിവ്=22950രൂപ<br>ഗ്രന്ഥശാല വരി(5%)=1148രൂപ<br>ആകെ നികുതി(ഗ്രന്ഥശാല വരി അടക്കം) =22950+1148=24098രൂപ |

ആകെ പരിശോധനയിൽ കണ്ടെത്തിയ 868.91 ച.മീ വിസ്തീർണം വരുന്ന അനധികൃത കെട്ടിടങ്ങൾ നിയമാനുസൃതമായാണ് നിർമിച്ചിരുന്നെങ്കിൽ വാർഷിക നികുതിയിനത്തിൽ -82086 രൂപ (8411+5198+16065+14459+3750+10105+24098) പഞ്ചായത്തിന് ലഭിക്കുമായിരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമിച്ച കെട്ടിടത്തിന് നിർമാണം നടത്തിയ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത് യു.എ നമ്പർ നൽകി കേരള പഞ്ചായത്ത് രാജ് 235 എഎ വകുപ്പ് പ്രകാരമുള്ള വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും മേൽ കെട്ടിടം പൊളിച്ച് മാറ്റുന്നത് / ക്രമവൽകരിക്കുന്നത് വരേ കെട്ടിട ഉടമസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണേ്, എന്നാൽ മേൽ പ്രകാരമുള്ള യാതൊരു നടപടികളും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

C)ഓഡിറ്റ് നിർദ്ദേശങ്ങൾ

1) അനധികൃതമായി കെട്ടിടം നിർമ്മിച്ച വർഷം കണ്ടെത്തി, യു.എ നമ്പർ നൽകി കെട്ടിടം പൊളിച്ച് മാറ്റുന്നത് / ക്രമവൽകരിക്കുന്നത് വരേ റിസോർട്ട് ഉടമയിൽ നിന്ന് കേരള പഞ്ചായത്ത് രാജ് ആക്ട് 235 എഎ വകുപ്പ് പ്രകാരം വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ഈടാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 235 എക്സ് പ്രകാരം നിലവിൽ അനുമതിയില്ലാതെ നിർമാണം നടത്തുന്ന സ്വിമ്മിങ്ങ് പൂളിന്റെ നിർമാണം നിർത്തിവെക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റിസോർട്ടുകളിലും പരിശോധന നടത്തി അനധികൃത നിർമാണങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

3)പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് ലോഡ്ജ്, താമസാവശ്യം, സ്വകാര്യ ഹോം സ്റ്റേ,വാണിജ്യാവശ്യം തുടങ്ങിയ നികുതി നിരക്ക് കുറവുള്ള ഉപയോഗ ക്രമങ്ങളിലുള്ള ഏതെങ്കിലും കെട്ടിടങ്ങൾ റിസോർട്ടായി ഉപയോഗിക്കുന്നതായി കണ്ടെത്തുന്നുവെങ്കിൽ മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ചട്ടപ്രകാരം മാറ്റുന്നതിന് നടപടികൾ സ്വീകരിച്ച് കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിക്കേണ്ടതുമാണ്. ധാരാളം റിസോർട്ടുകൾ സ്ഥിതി ചെയ്യുന്ന നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ഒരു റിസോർട്ടിൽ മാത്രം നടത്തിയ ഭൗതിക പരിശോധനയിലാണ് മുകളിൽ പറഞ്ഞ പ്രകാരമുള്ള ഭീമമായ നികുതി നഷ്ടം പഞ്ചായത്തിന് സംഭവിക്കുന്നതായി ബോധ്യപ്പെട്ടത്. പഞ്ചായത്ത് പരിധിയിലുള്ള മറ്റ് റിസോർട്ടുകളിലും റിസോർട്ടായി ഉപയോഗിക്കുന്ന നികുതി നിരക്ക് കുറഞ്ഞ കെട്ടിടങ്ങളിലും അനധികൃത നിർമാണങ്ങൾ നടത്തുന്നതിന് സാധ്യതയുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തു നികുതി പൂർണമായും പിരിച്ചെടുക്കുന്നതിന് മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 പഞ്ചായത്ത് പരിധിയിൽ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സി.നം | പേരും വിലാസവും | 2020-21 ഒന്നാം അർദ്ധ വർഷം പരമാവധി തൊഴിൽ നികുതിയിനത്തിൽ ഈടാക്കാമായിരുന്ന പരമാവധി തുക | 2020-21 രണ്ടാം അർദ്ധ വർഷം പരമാവധി തൊഴിൽ നികുതിയിനത്തിൽ ഈടാക്കാമായിരുന്ന പരമാവധി തുക |
|---|---|---|---|
| 1 | കെ മുഹമ്മദലി<br>കപ്പൂർ വീട്<br>തൊവാരി മല<br>ഗോവിന്ദമൂല | 1250 | 1250 |
| 2 | എം നാരായണൻ കുട്ടി<br>മേലേത്ത് വീട്<br>നായ്ക്കട്ടി | 1250 | 1250 |
| 3 | പി.ആർ ശിവരാജൻ<br>പുത്തൻവീട്ടിൽ വീട്<br>തേലമ്പറ്റ<br>മൂലങ്കാവ് | 1250 | 1250 |
| 4 | ടി.വി ജോണി<br>തണ്ടേക്കാട്ട് വീട്<br>മീനങ്ങാടി | 1250 | 1250 |
| 5 | മനോജ് വിജി<br>വട്ടക്കുന്നിൽ വീട്<br>വടക്കനാട് | 1250 | 1250 |
| 6 | അബ്ദുൾ അസീസ്<br>കാരാട്ട് കണ്ടേരി<br>ഐക്കരപ്പടി<br>ചെറുകാവ് മലപ്പുറം | 1250 | 1250 |
| 7 | രജീഷ് കുമാർ<br>മാരിയിൽ വീട്<br>കേണിച്ചിറ പി.ഓ | 1250 | 1250 |
| 8 | ഷാരിസ് വി.എസ്<br>വണ്ടനാനിക്കൽ<br>നെൻമേനിക്കുന്ന് പി.ഓ | 1250 | 1250 |
| 9 | പൂരവത്ത് കെ.വി<br>കുഴിക്കാട്ടിൽ വീട്<br>അമ്പലവയൽ പി.ഓ | 1250 | 1250 |

| | | | |
|---|---|---|---|
| 10 | നജിമുദ്ദീൻ സി.എം<br>ചെവിടക്കൻ പാറക്കൽ<br>മാതമംഗലം പി.ഓ | 1250 | 1250 |
| 11 | ജോയ് എം.ഡി<br>മറ്റത്തിൽ വീട്<br>തോട്ടമൂല പി.ഓ | 1250 | 1250 |
| 12 | സജി എം.ജെ<br>മാടപ്പാട്ട് വീട്<br>മൂലങ്കാവ് പി.ഓ | 1250 | 1250 |
| 13 | ഷിഖ് പി പി<br>അണിമംഗലം വീട്<br>പുളിക്കൽ പി.ഓ<br>ചീയാം കണ്ടം<br>മലപ്പുറം | 1250 | 1250 |
| 14 | സെക്രട്ടറി സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്ട് അന്റ് കൺസ്ട്രക്ഷൻ കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം W 321 | 1250 | 1250 |
| 15 | ഷാജി കെ<br>കണ്ടിയൻ വീട്<br>മാതമംഗലം പി.ഓ<br>നൂൽപ്പുഴ | 1250 | 1250 |
| 16 | ഉണ്ണികൃഷ്ണൻ വി<br>വട്ടമണ്ണയിൽ വീട്<br>വടുവൻഞ്ചാൽ പി.ഓ | 1250 | 1250 |
| 17 | പി.എ മുഹമ്മദ്<br>പാറക്കുഴിയിൽ വീട്<br>മണ്ടാട്ട്,മുട്ടിൽ | 1250 | 1250 |
| 18 | ഷമീർ പി<br>പാറമ്മൽ<br>കരണി പി.ഓ<br>കണിയാമ്പറ്റ<br>മീനങ്ങാടി | 1250 | 1250 |
| 19 | മുഹമ്മദ് ഫവാസ്<br>കോട്ടക്കാട് വീട്<br>പുളിയക്കോട് പി.ഓ<br>കട്ടങ്ങല്ലൂർ | 1250 | 1250 |
| 20 | അരവിന്ദൻ പി.എം<br>മാത്തൂർ കളങ്ങര<br>താഴത്തൂർ പി.ഓ | 1250 | 1250 |
| 21 | സതീഷ് പി.ബി<br>പുത്തൻകുന്ന് വീട്<br>വടുവൻഞ്ചാൽ പി.ഓ | 1250 | 1250 |
| 22 | ശ്രീജിത്ത് എം.എസ്<br>മാവറയിൽ വീട്<br>മുക്കത്തിക്കുന്ന് പി.ഓ<br>നൂൽപ്പുഴ | 1250 | 1250 |
| 23 | ജിബീഷ് പി.പി<br>പുന്നടിയിൽ വീട്<br>നെന്മേനിക്കുന്ന് പി.ഓ<br>നമ്പിക്കൊല്ലി | 1250 | 1250 |
| 24 | അരുൺ സി കുര്യാക്കോസ്<br>ചാഴിപ്പാറയിൽ വീട്<br>തോട്ടമൂല | 1250 | 1250 |
| 25 | ശരദ് ഗോപകുമാർ<br>തത്തുരി വീട്<br>കിടങ്ങനാട് | 1250 | 1250 |

| | | | |
|---|---|---|---|
| | വടക്കനാട് | | |
| | ആകെ | 31250 | 31250 |

മേൽ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ 23.06.2022ാം തീയതിയിലെ 4/2020-21ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി മേൽ വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിരുന്നെങ്കിൽ 62500 രൂപ വരേ പഞ്ചായത്തിന് വരുമാനം ലഭിക്കുമായിരുന്നു. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമായ തൊഴിൽ നികുതി പൂർണമായും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി മേൽ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 കളക്ഷൻ രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് 17695 നമ്പർ മാന്വൽ രസീത് ബുക്ക് 27.10.2021ാം തീയതി പഞ്ചായത്തിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.എന്നാൽ മേൽ രസീത് ബുക്കിന്റെ കളക്ഷൻ രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമാക്കിയ രസീതുകൾ പരിശോധിച്ചതിൽ നിന്ന് മേൽ മാന്വൽ രസീത് ബുക്ക് പ്രകാരം പിരിച്ച മുഴുവൻ തുകയും പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ കളക്ഷൻ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കാത്തത് ഗൗരവമായി കാണുന്നു. വരും വർഷങ്ങളിൽ മാന്വൽ രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുക കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി മേലുദ്യോഗസ്ഥന്റെ പരിശോധനയ്ക്ക് ശേഷം മാത്രം പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മെഡിക്കൽ ഓഫീസർ കാലവധി കഴിഞ്ഞ മരുന്നുകൾ സ്റ്റോക്കിൽ സൂക്ഷിക്കുന്നു.

പ്രൊജക്റ്റ് നം. 27/2021 (ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി)

അടങ്കൽ: 5,50,000 (പൊതു വിഭാഗം)

ചെലവ്:5,50,000

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം വാങ്ങിയ മരുന്നുകൾ ഇൻവോയ്സ് പ്രകാരമുള്ള ഉപയോഗ കാലാവധി കഴിഞ്ഞ ശേഷവും സ്റ്റോക്കിൽ സൂക്ഷിക്കുന്നതായി കണ്ടെത്തിയത് താഴെ പറയുന്ന ഉദ്ദാഹരണങ്ങൾ സഹിതം മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. (ഓഡിറ്റ് അന്വേഷണം നം22/2020-21 തീയതി 30.06.2022)

| സി.നം | ഇൻവോയ്സ് നം. | മരുന്നിന്റെ പേര് | മരുന്നിന്റെ അളവ് | ഇൻവോയ്സ് പ്രകാരമുള്ള ഉപയോഗ കാലാവധി | സ്റ്റോക്ക് രജിസ്റ്റർ പേജ് നം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 90207664/19.05.2021 | സീതോപലാധി ചൂർണം 500gm | ബാച്ച് നം. K120194 (9 എണ്ണം) | 02/2022 | 137 |
| 2 | 90190327/30.11.2020 | അമൃതോത്തരം കഷായചൂർണം | ബാച്ച് നം. K11923-(9 എണ്ണം)<br>ബാച്ച് നം. K11941-(1 എണ്ണം) | 08/2021<br>08/2021 | 28(1) |
| 3 | 90192169/22.12.2021 | ഷഡ്ഫല ഘൃതം 200 ML | ബാച്ച് നം G23191-<br>ബാച്ച്നം. G23192-<br>(22 എണ്ണം) | 04/2021<br>08/2021 | 100 |
| 4 | 90190327/<br>30.11.2020 | അസനവില്വാദി തൈലം 200ML | ബാച്ച്നം. T2191- (100 ബോട്ടിൽ) | 03/2022 | 3(8) |

ആയതിന് മറുപടിയായി അമൃതോത്തരം കഷായചൂർണം (സി.നം2), അസനവില്വാദിതൈലം (സി.നം4) എന്നിവയുടെ ഇൻവോയ്സ് പ്രകാരമുള്ള ബാച്ച് നമ്പറും സ്റ്റോക്കിൽ സൂക്ഷിച്ച മരുന്നുകളുടെ ബാച്ച് നമ്പറും വ്യത്യസ്ഥമാണെന്നും, സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ള മരുന്നുകളുടെ കാലാവധി കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മേൽ മരുന്നുകൾ കൂടാതെ സപ്തസാര കഷായചൂർണം,ഡാഡിമാദി ഘൃതം എന്നിവയുടെയും ഇൻവോയ്സ് പ്രകാരമുള്ള ബാച്ച് നമ്പറും, ഉപയോഗ കാലാവധിയും സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ള മരുന്നുകളിൽ രേഖപ്പെടുത്തിയിട്ടുള്ള ബാച്ച് നമ്പറും ഉപയോഗ കാലവധിയും വ്യത്യസ്തമാണെന്നും മേൽ മരുന്നുകളുടെ ഉപയോഗ കാലാവധിയിൽ തിരുത്തൽ വരുത്തി ഇൻവോയ്സ് ലഭ്യമാക്കണമെന്നും ഔഷധി മാനേജിങ്ങ് ഡയറക്ടറോട് 27.06.2022 ലെ C79/22 നംബർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സീതോപലാദി ചൂർണം(സി.നം-1) 8/06/2022 ന് ഉപയോഗിച്ച് തീർന്നെന്നും, പാക്കറ്റ് പരിശോധിച്ച് ഉപയോഗ കാലാവധി കഴിയാത്തതിനാലാണ് മേൽ മരുന്നുകൾ സബ്സ്റ്റോക്കില് വരവ് വെച്ചതെന്നും അറിയിച്ചിട്ടുണ്ട്.

ഷഡ്ഫലഘൃതം(സിനം.-3) പരിശോധിച്ചതിൽ മരുന്നിന്റെ ഉപയോഗ കാലാവധി കഴിഞ്ഞെന്നും അവ മാറ്റി നൽകുന്നതിന് ഔഷധി മാനേജിങ്ങ് ഡയറക്ടറോട് 27.06.2022ലെ C80/22ാം നമ്പർ കത്ത് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ മരുന്നുകൾ കൂടാതെ താഴെ പറയുന്ന മരുന്നുകൾ കൂടി ഉപയോഗ കാലാവധി കഴിഞ്ഞ ശേഷവും സ്റ്റോക്കിൽ സൂക്ഷിച്ചിരുന്നതായും ആയത് കൂടി മാറ്റി നൽകുന്നതിന് കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

| സി.നം | ഇൻവോയ്സ് നം, തീയതി | മരുന്നിന്റെ പേര് | മാറ്റി ലഭിക്കേണ്ട മരുന്നുകളുടെ എണ്ണം |
|---|---|---|---|
| 1 | 90190327/30/11/2020 | ഇന്ദുകാന്ത ഘൃതം | 200ml*56 ബോട്ടിൽ |
| 2 | 90206443/30/11/2020 | നിർഗുണ്ഡ്യാദി കഷായചൂർണം | 500g*4 പാക്കറ്റ് |
| 3 | 90190312/30/11/2020 | പുഷ്യാനുഗ ചൂർണ്ണം | 50g*24 പാക്കറ്റ് |

മേൽ മരുന്നുകൾ മാറ്റി പുതിയ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.തുടർന്നും സ്റ്റോക്കിലുള്ള മരുന്നുകൾ പരിശോധിച്ച് കാലാവധി കഴിയുന്ന മരുന്നുകളുടെ വിവരങ്ങൾ മുൻകൂട്ടി ഔഷധിയെ അറിയിച്ച് മാറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് മരുന്നുകൾ പരിശോധിച്ച് കാലാവധി കഴിഞ്ഞ മരുന്നുകൾ മാറ്റി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചത്. വരും വർഷങ്ങളിൽ ഇൻഡന്റ് അയച്ച് നൽകി ഉടൻ തന്നെ മരുന്നുകൾ ഔഷധിയിൽ നിന്ന് ലഭ്യമാക്കി മരുന്നുകളുടെ ഉപയോഗ കാലാവധി തീരുന്നതിന് മുൻപ് തന്നെ അവ ഉപയോഗിച്ച് തീർക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഔഷധിയിൽ നിന്ന് ലഭ്യമാക്കുന്ന മരുന്നുകൾ പരിശോധിച്ച് ബാച്ച് നമ്പറും ഉപയോഗ കാലാവധിയും ഇൻവോയ്സുമായി താരതമ്യം ചെയ്ത് ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും.മേൽ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-16 പെൻഷൻ വിതരണം -മരണമടഞ്ഞവരുടെ പെൻഷൻ തിരിച്ചടക്കുന്ന വിവരങ്ങൾ ലഭ്യമല്ല.

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ്‌വെയറിലെ വിവരങ്ങളും മരണരജിസ്ട്രേഷൻ വിവരങ്ങളും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ തുക വിതരണം ചെയ്തതായി കാണുന്നു.

ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | പേര് | ഇനം | പെൻഷണർ ഐ.ഡി | ആധാർ നമ്പർ | മരണപ്പെട്ട തീയതി | സേവനയിലെ വിവരങ്ങൾ പ്രകാരം തുക പെൻഷൻ കൈമാറിയ അവസാനതീയതി | അനർഹമായി വ്യക്തിക്ക് കൈമാറിയ പെൻഷൻ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1 | പാറു | കർഷക തൊഴിലാളി പെൻഷൻ) | 110830100173 | 759529322838 | 19.01.20 | 2021 ഡിസംബർ വരെ പെൻഷൻ സഹകരണ ബാങ്കിലേക്ക് കൈമാറിയതായി കാണുന്നു. | 38200 രൂപ (2019 ഒക്ടോബർ മുതലുള്ള പെൻഷൻ തുക) | 2019 ഒക്ടോബർ മുതലുള്ള തുക വ്യക്തിക്ക് സഹകരണ ബാങ്കിൽ നിന്ന് കൈമാറിയിട്ടില്ല. |
| 2 | വെള്ളച്ചി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 110830200183 | 817551291463 | 20.01.20 | 2021 ഡിസംബർ വരെ പെൻഷൻ സഹകരണ ബാങ്കിലേക്ക് കൈമാറിയതായി കാണുന്നു. | 41400 രൂപ (2019 ഒക്ടോബർ മുതലുള്ള പെൻഷൻ തുക) | 2019 ഒക്ടോബർ മുതലുള്ള തുക സഹകരണ ബാങ്കിൽ നിന്ന് വ്യക്തിക്ക് കൈമാറിയിട്ടില്ല. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 3 | മുഹമ്മദ്.കെ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11083020 0181 | 59380179 1873 | 20.12.19 | 2021 സെപ്റ്റംബർ വരെ പെൻഷൻ സഹകരണ ബാങ്കിലേക്ക് കൈമാറിയതായി കാണുന്നു. | 39600 രൂപ (2019 ഓഗസ്റ്റ് മുതലുള്ള പെൻഷൻ തുക) | 2019 ഓഗസ്റ്റ് മുതലുള്ള തുക സഹകരണ ബാങ്കിൽ നിന്ന് വ്യക്തിക്ക് കൈമാറിയിട്ടില്ല. |

മേൽപ്പറഞ്ഞ 3 ഗുണഭോക്താക്കൾക്ക് മാത്രം 1,19,200 രൂപ മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നതിനായി അയച്ചിട്ടുണ്ട്. കൂടാതെ പല ഗുണഭോക്താക്കൾക്കും ബാങ്ക് അക്കൌണ്ടിലേക്കും വീട്ടിൽ വിതരണം നടത്തുന്നതിനായും മരണശേഷവും പെൻഷൻ തുക അയച്ചതായി സേവനസോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി.നം.21/20-21 തീയതി 30.06.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല .മുകളിൽ സൂചിപ്പിച്ച മൂന്ന് വ്യക്തികൾക്കും പെൻഷൻ വിതരണം ചെയ്തിട്ടില്ലെങ്കിലും. വിതരണം ചെയ്യാത്ത പെൻഷൻ തിരിച്ചടച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതിനായി സഹകരണ ബാങ്കിലേക്ക് നൽകിയ പെൻഷൻ തിരിച്ചടച്ചുവെന്ന് ഉറപ്പാക്കേണ്ടതും. വാർഡ് തലത്തിൽ അന്വേഷണം നടത്തി മരണപ്പെട്ട ആളുകൾക്ക് പെൻഷൻ വിതരണം ചെയ്തിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.ഈ വിഷയത്തിൽ കൂടുതൽ അന്വേക്ഷണം നടത്തേണ്ടതും ഇപ്രകാരം മറ്റ് ഗുണഭോക്താക്കൾക്കും തെറ്റായി പെൻഷൻ തുക അയച്ച നൽകിയിട്ടുണ്ടെങ്കിൽ അത് തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കാൻ നടപടിയെടുക്കേണ്ടതാണ്.

## 1-17 ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമായില്ല.

ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയതാണ്.ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ ഐ.എൽ.ജി.എം.എസ് 01.10.20 ന് തുടങ്ങിയെങ്കിലും 05.10.20 നാണ് ഐ.എൽ.ജി.എം.എസ്.ഫിനാൻസ് മോഡ്യൂൾ തുടങ്ങിയത്. 05.10.20വരെ സാംഖ്യയിൽ Reconciliation,web Snkhya Data Mapping,Accruel Demand,Advance Adjustment എന്നിങ്ങനെ എല്ലാ നടപടികളും പൂർത്തീകരിച്ചോ എന്ന് വ്യക്തമല്ല. 01.04.2020 തീയതിയിലെ സാംഖ്യ അക്കൗണ്ടിലെ ഓപ്പണിംഗ് ബാലൻസ് ഐ.എൽ.ജി.എം.എസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയത് സംബന്ധിച്ച ഫയലുകളൊന്നും ലഭ്യമാക്കിയിട്ടില്ല.

31.03.2020 ലെ നീക്കിയിരിപ്പ് തുകയാണ് ഓപ്പണിംഗ് ബാലൻസ് ആയി ഉൾപ്പെടുത്തിയിട്ടുള്ളത്. പാസ്റ്റ് ഡാറ്റാ എൻട്രി സംബന്ധിച്ച വിശദ വിവരങ്ങൾ ഫയലായി സൂക്ഷിക്കാത്തതിനാൽ വിശദമായ പരിശോധന സാധിച്ചിട്ടില്ല.

3. സേവന സോഫ്റ്റ് വെയറിലെ പെൻഷൻ വിവരങ്ങൾ ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറുകളിൽ സേവന,സാംഖ്യ,സൂചിക എന്നിവമാത്രമാണ് ഐ.എൽ.ജി.എം.എസ് ആയി ലിങ്ക് ചെയ്തിട്ടുള്ളത്.ആയതിനാൽ തന്നെ പദ്ധതിചെലവുകണക്കുകൾ Year Ending Adjustment ആയാണ് ഐ.എൽ.ജി.എം.എസ് ൽ ചെയ്യുന്നത്.

4. മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ ഐ.എൽ.ജി.എം.എസ് ൽ ലഭ്യമാണ്. എന്നാൽ മാന്വൽ രശീത് ബുക്കുകളുടെ സ്റ്റോക്ക് ഐ.എൽ.ജി.എം.എസിൽ രേഖപ്പെടുത്തിയിട്ടില്ല. മാന്വൽ രശീത് ബുക്കുകൾ ജീവനക്കാർക്ക് നൽകുമ്പോൾ പ്രസ്തുത രശീത് ബുക്കുകളുടെ വിവരം മാത്രം സ്റ്റോക്ക് ആയി ഉൾപ്പെടുത്തുന്ന രീതിയാണ് നിലവിലുള്ളത്. ഐ.എൽ.ജി.എം.എസിലേക്ക് മാറിയപ്പോൾ ഉള്ള മുൻബാക്കി,പിന്നീട് വരവ് വന്ന രശീതുകളുടെ വിവരം എന്നിവ ചേർത്തിട്ടില്ല. ഐ.എൽ.ജി.എം.എസ് ലെ മാന്വൽ രശീതുകളുടെ സ്റ്റോക്ക് വിവരങ്ങൾ കൃത്യമല്ല.

5. റെസീപ്റ്റ് വൗച്ചർ,പേയ്മെന്റ് വൗച്ചർ ,കോൺട്രാ വൗച്ചർ,ജേണൽ വൗച്ചർ എന്നിവയുടെ ലിസ്റ്റ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നില്ല.

6. ഓൺലൈൻ പേയ്മെന്റുകൾ വഴി അടക്കുന്ന തുക ഐ.കെ.എം ന്റെ അക്കൌണ്ടിലേക്കാണ് പോകുന്നത്.ഐ.കെ.എം പഞ്ചായത്തിലേക്ക് നൽകുന്ന തുകകൾ ജേർണൽ എൻട്രി വഴി യാണ് ഐ.എൽ.ജി.എം.എസിൽ വരവ്വ വരുത്തുന്നത്. അതായത് സഞ്ചയയിൽ വരുന്ന തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരുന്നതിന് കാലതാമസംവരുന്നു. കേ.പ.രാ.അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 18(2) പ്രകാരം പിരിച്ചെടുക്കുന്ന തുക അന്നേ ദിവസം തന്നെ ബാങ്ക് ബുക്ക്/ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

7. ഐ.എൽ.ജി.എം.എസ് ആക്കിയതിന് ശേഷം അക്ഷയസെന്ററുകളിലൂടെ ഈടാക്കുന്ന ഫീസുകൾ നാളിതുവരെയും പഞ്ചായത്തിന്റെ അക്കൌണ്ടുകളിൽ വരവ് വന്നിട്ടില്ല.1.04.21 മുതൽ 31.03.22 വരെ 20529 രൂപ അക്ഷയസെന്ററുകൾ വഴി അടച്ചത് നാളിതുവരെയും ബാങ്ക് അക്കൌണ്ടിൽ വരവ് വന്നിട്ടില്ല.

8. പേയ്മെന്റ് ഓർഡർ ലിസ്റ്റ്,പേയ്മെന്റ് വൌച്ചർ ലിസ്റ്റ്,എന്നിവ ലഭ്യമല്ല.ഏതെങ്കിലും ഒരു മാസം നൽകിയ പേയ്മെന്റുകളുടെവിവരം അറിയുന്നതിന് പേയ്മെന്റ് വൌച്ചർ ലിസ്റ്റ് ഇല്ലാത്തതിനാൽ മാനുവൽ ഫയൽ സൂക്ഷിക്കാത്തതിനാൽ നിർവാഹമില്ല.വൌച്ചർലിസ്റ്റിൽ നിന്നും അതാത് ഫയലിലേക്ക് പോകാൻ ലിങ്ക് നൽകിയാൽ മാത്രമേ പരിശോധന നടത്താൻ കഴിയുകയുള്ളൂ.ഐ.എൽ.ജി.എം.എസ് പേപ്പർലെസ്സ് കൺസപ്റ്റ് ആയതിനാൽ പേയ്മെന്റ് ഓർഡർ ലിസ്റ്റ് ഇല്ലാതെ പേയ്മെന്റ് അപ്രൂവ് ചെയ്യുന്നതിന് മാനുവൽ ലിസ്റ്റ് സൂക്ഷിക്കേണ്ടിയും വരുന്നു.

9. Interrupted Receipts ക്യാൻസൽ ചെയ്യേണ്ട സാഹചര്യം വരുമ്പോൾ ILGMS -ൽ രേഖപ്പെടുത്താൻകഴിയുന്നില്ല.

10. ഇ-മെയിൽ ആയി വരുന്ന തപാലുകൾ കൈകാര്യം ചെയ്യാൻ മോഡ്യൂൾ ആക്ടീവ് അല്ല.

11. ഐ.എൽ.ജി.എം.എസിൽ നിലവിൽ ഫയൽ സൈസ് 1.m.b ആണ്.അതുകൊണ്ട് തന്നെ വലിയ ഫയലുകൾ സ്കാൻ ചെയ്ത് കയറ്റാൻസാധ്യമല്ല.

12. ഐ.എൽ.ജി.എം.എസിൽ 31.03.21 ലെ റീകൺസിലിയേഷൻ വിവരങ്ങൾ പരിശോധിച്ചതിൽ ILGMS-ൽ ബാങ്ക് ബുക്ക് നിലവിൽ View ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഓഡിറ്റർക്ക് ലഭ്യമായിട്ടുള്ളത്. ബാങ്ക് ബുക്ക് ലഡ്ജർ റസീപ്റ്റ് , പേമെന്റ്, കോൺട്ര എൻട്രികളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് തെരയുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടില്ല നിലവിൽ ഓരോ ചെക്കും നൽകുമ്പോൾ ചെക്ക് നമ്പർ ഐ.എൽ.ജി.എം.എസിൽ സോഫ്റ്റ് വെയറിൽ നേരിട്ട് രേഖപ്പെടുത്തുന്ന രീതിയാണ് ഉള്ളത്. വിവധ ആവശ്യങ്ങൾക്കും വിവിധ ഫണ്ടുകൾക്കും വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളാണ് ഗ്രാമ പഞ്ചായത്ത് എന്നതിനാൽ തന്നെ ചെക്ക് നമ്പറുകൾ മാറി നൽകപ്പെടുന്നതിന് ഇടയാവുകയും കൃത്യത ഇല്ലാത്ത റിപ്പോർട്ടുകൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ആയതിനാൽ ഓരോ ചെക്കുകളുടെയും ചെക്ക് നമ്പറുകൾ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളും ഉൾപ്പെടുത്തേണ്ടതുണ്ട്.

13. ഐ.എൽ.ജി.എം.എസിൽ സോഫ്റ്റ് വെയറിലെ റിപ്പോർട്ടുകളൊന്നും കാലികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകൾ പരിശോധിക്കാൻ സാധിക്കുന്നില്ല.

14. ന്യൂനത ഫയലുകൾ അപേക്ഷകൻ പുനർ സമർപ്പിക്കുമ്പോൾ തപാൽ സ്വീകരിക്കുന്നതിനുള്ള മൈനർ ഫംഗ്ഷൻ ഇല്ല.

ഉദാഹരണമായി ബിൽഡിംഗ് പെർമിറ്റ് അപേക്ഷയിൽ പരിശോധന നടത്തുമ്പോൾ ബിൽഡിംഗ് റഗുലറൈസ് ചെയ്യേണ്ട സാഹചര്യം ഉണ്ടാവുമ്പോൾ Regularisation Fee യുടെ ഹെഡ് ലഭ്യമല്ല.

15. സിറ്റിസൺ പോർട്ടൽ വഴി വരുന്ന സിവിൽ രജിസ്ട്രേഷൻ അപേക്ഷകൾ റിട്ടേൺ ചെയ്യാനുള്ള ഓപ്ഷൻ നിലവിലില്ല.

16.ഐ.എൽ.ജി.എം.എസിലെ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിനെ വരവുചെലവ് കണക്കുകളാക്കായി ആശ്രയിക്കാൻ കഴിയാത്ത സാഹചര്യം ആണ് നിലവിൽ ഉള്ളത്.പ്ലാൻ ഫണ്ടിൽ നിന്നുള്ള പദ്ധതി റവന്യൂചെലവുകളുടെ രേഖപ്പെടുത്തലുകൾമാത്രമേ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വരുന്നുള്ളൂ.തനത് ഫണ്ടിൽ നിന്നുള്ള പദ്ധതികളുടെ റവന്യൂചെലവ് വിവരങ്ങൾ 3501009999 (Other Creditors Control Account) എന്ന പേയ്മെന്റ് ഹെഡിലാണ് ചെലവ് കാണുന്നത്.കൂടാതെ തനതുഫണ്ടിന്റെ റവന്യൂചെലവ് വിവരങ്ങൾ അറിയുന്നതിന് ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് നോക്കേണ്ടിയും വരുന്നു.അഡ്വാൻസ് നൽകുന്നതും ലയബിലിറ്റി ഹെഡിൽനിന്നുമുള്ള പേയ്മെന്റുകളും 3501009999 ഹെഡിൽ വരുന്നതിനാൽ റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ് മെന്റിൽ വിവരങ്ങൾ ലഭ്യമല്ല.

17.Cancellation Report പ്രകാരം ലഭിക്കുന്ന Cancelled Receipts സഞ്ചയ സോഫ്റ്റ് വെയറിൽ ക്യാൻസൽ ആകുന്നില്ല.

18.ട്രയൽ ബാലൻസ്,ജേർണൽ റിപ്പോർട്ട്,ക്യാഷ് ബുക്ക് സമ്മറി.ബാലൻസ് ഷീറ്റ് ,ബാങ്ക് ബുക്ക് ,ഫ്രണ്ട് ഓഫീസ് ഡയറി,ചിട്ട,ഡേ ബുക്ക്,ഇൻകം ആൻഡ് എക്സ്പെൻഡിച്ചർസ്റ്റേറ്റ്മെന്റ് ,റസീപ്റ്റ് ആൻഡ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ,ഹെഡ് വൈസ് റിപ്പോർട്ട് ,സ്റ്റാഫ് ഡ്യൂട്ടി ബുക്ക്,ഫണ്ട് ട്രാൻസ്ഫർ,മറ്റ് റിപ്പോർട്ടുകൾ എന്നിവയാണ് ഐ.എൽ.ജി.എം.എസിൽ കിട്ടുന്നത്.ഓഡിറ്റിന് വേണ്ട ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ ,ചെക്ക് ഇഷ്യൂരജിസ്റ്റർ,ബിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ,മുൻകൂർ രജിസ്റ്റർ,ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ,അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ,ആസ്തിരജിസ്റ്റർ,സ്യൂട്ട് രജിസ്റ്റർ,കണ്ടിജന്റ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ ,നികുതി,നികുതിയേതരവരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് കളക്ഷൻ ,ബാലൻസ് റിപ്പോർട്ടുകൾ ,പേഴ്സണൽ രജിസ്റ്റർ,സ്റ്റാറ്റസ് റിപ്പോർട്ട്എന്നിവയൊന്നും

ഐ.എൽ.ജി.എം.എസിൽ ഇല്ല.

19.ഡേ ബുക്ക് റിപ്പോർട്സ്എടുക്കുമ്പോൾ റിപ്പോർട്ടിൽ തീയതി വെച്ചുള്ള ക്ലോസിംഗ് വിവരങ്ങൾ ലഭിക്കുന്നില്ല. ഇത് കൊണ്ട് ലഭിച്ച തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് സംബന്ധിച്ച് പരിശോധന സാധ്യമല്ല. തുക ബാങ്കിൽ ഒടുക്കിയത് സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്ത് നോക്കി ILGMS സോഫ്റ്റ് വെയറിൽ അതത് ദിവസമോ, മാസാന്ത്യമോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സൗകര്യം നിലവിലില്ല.

20.ചെക്ക് ഇഷ്യൂ രജിസ്റ്റർ ലഭ്യമല്ല.

നൽകിയ ചെക്കുകളുടെയും പിൻവലിക്കലുകളുടെയും വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ ചെക്ക് ഇഷ്യു രജിസ്റ്റർ റിപ്പോർട്ടുകളിൽ ലഭ്യമല്ല.

21.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന് ലഭിച്ച ചെക്കുകളുടെയും ഡ്രാഫ്റ്റുകൾ പണമായി മാറിയത് പരിശോധിക്കുന്നതിനും റിക്കൺസിൽ ചെയ്യുന്നതിനുമായി ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ ഉൾപ്പെടുത്തേണ്ടതുണ്ട്

22.രശീതുകളുടെ ക്യാൻസലേഷൻ

മുൻവർഷം നൽകിയ രശീതുകൾ തുടർവർഷങ്ങളിലും ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്. വാർഷിക കണക്കുകൾ സമർപ്പിച്ചതിനു ശേഷവും രശീതുകൾ ക്യാൻസൽ ചെയ്യുന്നതിനുള്ള സാഹചര്യം നില നിൽക്കുന്നത് തെറ്റായ നടപടിക്രമമാണ്.

23.ലഡ്ജർ ബുക്കുകൾ

ഓഡിറ്റ് മൊഡ്യൂളുമായി ബന്ധപ്പെടുത്തി നൽകിയിട്ടുള്ള ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ് മെന്റ് , രസീപ്റ്റ് & പേമെന്റ് അക്കൗണ്ട് എന്നിവയോടൊപ്പം ലിങ്ക് നൽകിയിട്ടുള്ള ലഡ്ജർ ബുക്ക് പരിശോധിക്കുമ്പോൾ ഭൂരിഭാഗവും ലഡ്ജറിൽ രേഖപ്പെടുത്തിയിട്ടുള്ള തുക എന്താണെന്ന് വ്യക്തതയില്ല.

24.ലൈസൻസ് നൽകൽ

വിവിധ വാണിജ്യ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകിയവരുടെയും പുതുക്കി നൽകിയവരുടെയും വിശദ വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് റിപ്പോർട്ട് രൂപത്തിൽ ലഭ്യമല്ല.

25.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാന്റ് പരിശോധിക്കുന്നതിനാവശ്യമായ ട്രേഡേഴ്സ് ലിസ്റ്റ് , എംപ്ലോയിസ് തൊഴിൽ നികുതി തുടങ്ങിയവ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുന്നതിനോ ഇവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കുന്നതിനോ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല. ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താനുള്ള സൗകര്യങ്ങൾ ലഭ്യമാക്കി സെക്രട്ടറി / ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയത് അംഗീകാരം നൽകി കാലികമാക്കി നിജപ്പെടുത്തുന്ന രീതി നിലവിലില്ലാത്ത സാഹചര്യത്തിൽ ഇത് ഡിജിറ്റൽ രീതിയിൽ പരിശോധന സാധ്യമല്ലാത്ത സ്ഥിതിയാണുള്ളത്.

26.വസ്തു നികുതി.

സഞ്ചയ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തുടങ്ങിയവ റിപ്പോർട്ട് രൂപത്തിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സോഫ്റ്റ് വെയർ ILGMS സോഫ്റ്റ് വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ തന്നെ ഇത് പരിശോധന സാധ്യമല്ല. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നിരവധി തവണ ഐ.കെ.എം വസ്തു നികുതി വിവരങ്ങളിൽ (Data) പ്യൂരിഫിക്കേഷൻ പ്രവൃത്തി നടത്തുകയും പിന്നീട് വസ്തു നികുതി വിവരങ്ങളിൽ മുൻകാല പ്രാബല്യത്തിൽ വ്യത്യാസങ്ങൾ വരുകയും ചെയ്യുന്നുണ്ട്. വാർഷിക കണക്കുകൾ സമർപ്പിക്കുന്ന സമയത്തുള്ള വിവരങ്ങൾ പിന്നീട് ലഭിക്കാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

27.കെട്ടിട നിർമ്മാണ അനുമതി - കെട്ടിട നിർമ്മാണ ക്രമവത്കരണം ( സങ്കേതം സോഫ്റ്റ് വെയർ)

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയർ മുഖേനയാണ് സ്വീകരിക്കുന്നത്. ഓരോ അപേക്ഷകനും സങ്കേതം സോഫ്റ്റ് വെയർ ഉപയോഗിച്ച് സമർപ്പിക്കുന്ന രേഖകളുടെയും അനുബന്ധ രേഖകളുടെയും അച്ചടിച്ച പകർപ്പുകൾ (Hard Copy) സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതായുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും സങ്കേതം സോഫ്റ്റ് വെയറിലേക്ക് Upload ചെയ്യാൻ നിലവിൽ സൗകര്യം ഇല്ല. അധികമായി വേണ്ടുന്ന രേഖകളുടെ പകർപ്പുകൾ Pdf ഫയൽ രൂപത്തിൽ ഉൾപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ഇത് ഡിജിറ്റൽ ഫയൽ സിസ്റ്റം പൂർണമാക്കുന്നതിന് സൗകര്യപ്രദമല്ല. ഇത് ജനങ്ങൾക്ക് അധിക പണ ചെലവിനും ബുദ്ധിമുട്ടുകൾക്കും ഇടയാക്കുന്നു. സങ്കേതം സോഫ്റ്റ് വെയർ നിലവിൽ ILGMS സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ് വെയർ തന്നെ ആയതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവശ്യമായ രീതിയിൽ വികസിപ്പിച്ചിട്ടില്ലാത്തതിനാൽ നിലവിലെ

അവസ്ഥയിൽ ആയത് ഉൾപ്പെടുത്തുന്നത് ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് സഹായകമല്ല. ഈ സോഫ്റ്റ് വെയർ മുഖേനയുള്ള റിപ്പോർട്ടുകൾ നിലവിൽ ഓഡിറ്റ് മൊഡ്യൂളിൽ ലഭ്യമല്ല.

28.പണം പിരിവ് , ഒടുക്കൽ, പിൻവലിക്കൽ എന്നിവയുടെ പരിശോധന

തദ്ദേശ സ്ഥാപനത്തിൽ വിവിധ രീതിയിലുള്ള പിരിവുകളുടെയും ആയത് ബന്ധപ്പെട്ട അക്കൗണ്ടുകളിലേക്ക് ഒടുക്കുന്നതിന്റെയും പരിശോധന ILGMS സോഫ്റ്റ് വെയർ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. ILGMS സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ വിവരങ്ങൾ നിലവിലെ രീതിയിൽ പരിശോധന നടത്തിയാൽ ഓഡിറ്റ് പരിശോധന ലഘൂകരിക്കപ്പെടുന്നില്ല. ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള വിവരങ്ങൾ ബാങ്ക് ബുക്ക് , ചെക്ക് ഇഷ്യൂ രജിസ്റ്ററുകൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി നിശ്ചയിക്കപ്പെട്ട ഇടവേളകളിൽ പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നതിനുള്ള സംവിധാനം ഈ സോഫ്റ്റ് വെയറിൽ നിലവിലില്ല. പണം പിൻവലിക്കുന്നത് സംബന്ധിച്ചും ഇത്തരത്തിൽ പരിശോധന സാധ്യമാക്കുന്നതിനുള്ള സംവിധനമില്ല. ഇത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റർക്ക് ലഭിക്കുന്നില്ല.

29.സ്റ്റോക്ക് രജിസ്റ്റർ

വിവിധ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ഓഡിറ്റർക്ക് റിപ്പോർട്ട് രൂപത്തിൽ ലഭിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സംബന്ധിച്ച് ചട്ടങ്ങൾ പ്രകാരമുള്ള പരിശോധന നടത്തുന്നതിനുള്ള മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-18 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് -അപാകതകൾ

2020-21 വർഷത്തെ പൊതുമരാമത്ത് പ്രവർത്തികളുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ജി.ഒ.(എം.എസ്) 11/2018/LSGD Dtd 29.01.2018 പ്രകാരം ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കേണ്ടതായിരുന്നു.എന്നാൽ ഇത് തയ്യാറാക്കാതെയാണ് പദ്ധതിരൂപീകരണം നടത്തിയത്.

2)പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ പ്രോജക്ട് രൂപീകരണവും നിർവഹണവും സംബന്ധിച്ച് തീരുമാനങ്ങളോരോന്നും രേഖപ്പെടുത്തി കാണുന്നില്ല.04.03.20 തീയതിയിൽ ആണ് 20-21 വർഷത്തെ പദ്ധതിരൂപീകരണം സംബന്ധിച്ച യോഗം നടന്നിട്ടുള്ളത്.ചില പദ്ധതിനിർദ്ദേശങ്ങൾ നൽകി എന്നല്ലാതെ മുൻവർഷപദ്ധതിനിർവഹണം മോണിട്ടർ ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.25 പദ്ധതികൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും 8 പദ്ധതികൾ കുടിവെള്ളം ശുചിത്വം വർക്കിംഗ് ഗ്രൂപ്പിലും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ വാർഷികപദ്ധതിച്ചെലവുകണക്കുകൾ പ്രകാരം 222 പദ്ധതികളാണ് രൂപീകരിച്ചിരിക്കുന്നത്.വർക്കിംഗ് ഗ്രൂപ്പിൽ ശുപാർശ ചെയ്യാത്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയവയിൽ ഭൂരിഭാഗവും.2020-21 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഒരുയോഗം മാത്രമാണ് നടന്നത്.ഈ യോഗങ്ങളിലൊന്നും മുൻവർഷത്തെ പദ്ധതികൾ അവലോകനം ചെയ്തിട്ടില്ല.പദ്ധതിനിർവഹണം മോണിട്ടർ ചെയ്തിട്ടില്ല.പ്രോജക്ടുകളുടെ പേര് അല്ലാതെ മറ്റ് യാതൊരു രേഖപ്പെടുത്തലുകളും വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ഇല്ല.

3)അസി .എഞ്ചിനീയർ ഹാജരാക്കിയ ഫയലുകളിൽ പേജ് നമ്പർ നൽകിയിട്ടില്ല.

4)പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വെച്ചിട്ടില്ല.

5) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

6)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 222പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ 64എണ്ണം നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

7)കുടിവെള്ളപദ്ധതികളുടെ പൂർത്തീകരണപ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതികളുടെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ മുൻപ് ഈ പദ്ധതികൾ നടപ്പാക്കിയത് സംബന്ധിച്ച രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

8).ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നു.റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാകുന്ന രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ,പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നില്ല.

9)അളവുകൾ രേഖപ്പെടുത്തിയ അളവുപുസ്തകങ്ങളിൽ ചിലവ നിർവഹണോദ്യോഗസ്ഥൻ ഒപ്പുവെച്ചതായി കാണുന്നില്ല.

10) റോഡ് നിർമ്മാണപ്രവൃത്തികളിൽ സ്ഥലം വിട്ടുകിട്ടിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം.19 /20-21 തീയതി 30.06.22 പ്രകാരം വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-19 പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിന് പിഴ ഈടാക്കാതെ കൂടുതൽ സമയം

അനുവദിച്ചു.-നഷ്ടം ₹109955/-

2020-21 വർഷം പൊതുമരാമത്ത് പ്രവർത്തികളുടെ നടത്തിപ്പിൽ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണകാലാവധിക്കുള്ളിൽ പ്രവർത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചതായോ ,ബില്ലുകളിൽ നിന്ന് നിയമപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയതായോ കാണുന്നില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികമാകാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികമാകാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോട്ടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീട്ടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്. എന്നാൽ അസി. എഞ്ചിനീയർ കരാറുകാരനുമായി ചമച്ച ഉഭയകക്ഷി കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘീകരണ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീട്ടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവ്യത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവ്യത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്ക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവ്യത്തിയുടെ 30% തുക കരാറുടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവ്യത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

എന്നാൽ ഈ പ്രവ്യത്തികൾ യഥാസമയം ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത പ്രവ്യത്തികളുടെ കരാറുകാർ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് എഗ്രിമെന്റ് കാലാവധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. ഭരണസമിതി സമയം ദീർഘിപ്പിച്ചു നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവഹിച്ച പ്രവ്യത്തികൾ അനധികൃതമാണ്. ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവ്യത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

1.പരിവാരംകുന്ന് ഞണ്ടൻകൊല്ലി റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 292/21 |
| അടങ്കൽ & ഫണ്ട് | 500000/- വിക,നഫണ്ട് |
| ചെലവ്, ബിൽ നമ്പർ | 496432, 102/21.03.21 |
| കരാർ നമ്പർ & തീ യതി | AE/LSGD/NLP/9/19-20/08.11.19 |
| കരാറുകാരൻ | അബ്ദുൾ അസീസ് |
| അളവ് പുസ്തക നമ്പർ | 51/20-21 |
| പൂർത്തിയാ ക്കേ ണ്ടിയിരുന്ന തീയതി | 31.03.20 |
| പ്രവ്യത്തി ആരംഭിച്ച തീയതി | 23.12.20 |
| പ്രവ്യത്തി പൂർത്തിയാക്കിയ തീയതി | 26.02.21 |

ഈടാ ക്കേ ണ്ടിയി രു ന്ന പി ഴ തു കയു ടെ വി ശദാം ശങ്ങൾ

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്നഅധിക സമയം<br>(90 X 20/100) | 18 ദി വസങ്ങൾ |

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം അവസാ നിക്കു ന്ന തീ യ്യതി (31.03.20 + 18 ദി വസങ്ങൾ) | 18.04.20 |
| ആദ്യ മൂന്ന് മാസത്തേക്ക് 19.04.20 മുതൽ 18.07.20വരെ (കരാ ർ തു കയു ടെ 1%) | 500000*1/100=5000 |
| അടുത്ത മൂന്ന് മാസത്തേക്ക് 19.07.20 മുതൽ 18.10.20 വരെ (കരാർ തുകയുടെ 2%) | 500000*2/100=10000 |
| അടുത്ത മൂന്ന് മാസത്തേക്ക് 19.10.20 മുതൽ 18.01.21 വരെ (കരാർ തുകയുടെ 2%) | 500000*2/100=10000 |
| 19.01.21 മു തൽ 26.02.21 വരെ (കരാർ തുകയുടെ 2%) | (500000*2/100)/90*38=4222 |
| ആകെ പിഴയായി ഈടാക്കേണ്ട തുക | 29222 |

2ചുണ്ടപ്പാടി ചിങ്ങപ്പുര റോഡ് ടാറിംഗ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 308/21 |
| അടങ്കൽ & ഫണ്ട് | 500000/- വികസനഫണ്ട് |
| ചെലവ് | 349316-28/20.08.20<br>145589/105/21.03.21 |
| കരാർ നമ്പർ & തീയതി | AE/LSGD/NLP/27/19-20/08.11.19 |
| കരാറു കാരൻ | പി.ആർ.ശിവരാജൻ |
| അളവ് പുസ്തക നമ്പർ | 268/17-18 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.20 |
| പ്രവൃത്തി ആരംഭിച്ച തീയതി | 16.03.20 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 18.02.21 |

ഈടാ ക്കേ ണ്ടിയി രു ന്ന പി ഴ തു കയു ടെ വി ശദാം ശങ്ങൾ

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്നഅധിക സമയം (90 X 20/100) | 18 ദി വസങ്ങൾ |
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം അവസാനിക്കുന്ന തീയ്യതി (31.03.20 + 18 ദിവസങ്ങൾ) | 18.04.20 |
| ആദ്യ മൂന്ന് മാസത്തേക്ക് 19.04.20 മു തൽ 18.07.20വരെ (കരാർ തുകയു ടെ 1%) | 500000*1/100=5000 |
| അടുത്ത മൂന്ന് മാസത്തേ ക്ക് 19.07.20 മു തൽ 18.10.20 വരെ (കരാ ർതു കയു ടെ 2%) | 500000*2/100=10000 |
| അടുത്ത മൂന്ന് മാസത്തേ ക്ക് 19.10.20 മുതൽ 18.01.21 വരെ (കരാർ തുകയു ടെ 2%) | 500000*2/100=10000 |
| 19.01.21 മു തൽ 18.02.21 വരെ (കരാർതു കയു ടെ 2%) | (500000*2/100)/90*30=3333 |
| ആകെ പിഴയായി ഈടാക്കേണ്ട തുക | 28333/- |

3.കാപ്പിസ്റ്റോർ എർളോട്ട് വയൽ റോഡ് കോൺക്രീറ്റ് & സൈഡ് പ്രൊട്ടക്ഷൻ

| | |
|---|---|
| പ്രോജക്ട് നമ്പർ | 311/21 |
| അടങ്കൽ & ഫണ്ട് | 900000/- വികസനഫണ്ട് |
| ചെ ലവ് | 399466-109/25.03.21<br>500000-/108/25.03.21 |
| കരാർ നമ്പർ & തീ യതി | AE/LSGD/NLP/55/19-20/16.12.19 |
| കരാറുകാരൻ | പി.ആർ.ശിവരാജൻ |

| | |
|---|---|
| അളവ് പുസ്തക നമ്പർ | 143/20-21 |
| പൂ ർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.20 |
| പ്രവൃത്തി ആരംഭിച്ച തീയതി | 27.11.20 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 25.02.21 |

ഈടാ ക്കേ ണ്ടിയി രു ന്ന പി ഴ തു കയു ടെ വി ശദാം ശങ്ങൾ

| | |
|---|---|
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം<br>(90 X 20/100) | 18 ദി വസങ്ങൾ |
| പിഴയില്ലാതെ അനുവദിക്കാവുന്ന അധിക സമയം<br>അവസാ നിക്കു ന്ന തീ യ്യതി (31.03.20 + 18 ദി വസങ്ങൾ) | 18.04.20 |
| ആദ്യ മൂന്ന് മാസത്തേ ക്ക് 19.04.20 മുതൽ 18.07.20വരെ<br>(കരാ ർ തു കയു ടെ 1%) | 900000*1/100=9000 |
| അടുത്ത മൂന്ന് മാസത്തേ ക്ക് 19.07.20 മുതൽ 18.10.20<br>വരെ (കരാ ർതു കയു ടെ 2%) | 900000*2/100=18000 |
| അടുത്ത മൂന്ന് മാസത്തേ ക്ക് 19.10.20 മുതൽ 18.01.21<br>വരെ (കരാ ർതു കയു ടെ 2%) | 900000*2/100=18000 |
| 19.01.21 മുതൽ 25.02.21 വരെ (കരാർതുകയു ടെ 2%) | (900000*2/100)/90*37=7400 |
| ആകെ പിഴയായി ഈടാക്കേണ്ട തുക | 52400/- |

ആകെ ഈടാക്കേണ്ട തുക-109955

ഓഡിറ്റ് എൻക്വയറി.നം.18 /20-21 തീയതി30.06.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃതമുള്ള പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ആസ്തിരജിസ്റ്റർ കാലികമാക്കാത്തത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്റർ കാലികമാക്കിയതായി കാണുന്നില്ല.31.10.2007 തീയതി പ്രാബല്യത്തിലുള്ള ആസ്തിരജിസ്റ്റർ ആണ് നിലവിൽ പഞ്ചായത്തിൽ ഉള്ളത്.ആയതിനാൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ പഞ്ചായത്തിന്റെ ആസ്തികളിൽ ആണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.കൂടാതെ തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തിരജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടുമില്ല.പഞ്ചായത്ത് ഭരണസമിതിയുടെ 16.09.20 ലെ 4-)ം നമ്പർ തീരമാനപ്രകാരം ആസ്തിരജിസ്റ്റർ കാലികാക്കുന്നതിന് 6/21 -)ം നമ്പർ പ്രോജക്ട് നടപ്പാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്.എന്നാൽ പദ്ധതി നടപ്പാക്കിയിട്ടില്ല.

ഈ വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 7 /20-21തീയതി 27.06.22ക്ക് മറുപടി നല്കിയിട്ടില്ല. ആസ്തിരജിസ്റ്റർ കാലികമാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-21 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൌണ്ടിലെ തുകകൾ സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

അസി.എഞ്ചിനീയറുടെപേരിൽ, കേരള ഗ്രാമീണബാങ്ക് കല്ലൂർ ബ്രാഞ്ചിൽ ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച് വരുന്നുണ്ട്. പ്രസ്തുത അക്കൗണ്ട് ഗ്രാമപഞ്ചായത്തിന്റെ സാംഖ്യ അക്കൌണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. ആയതിനാൽ ഇതിലെ നീക്കിയിരിപ്പ്ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. ക്യാഷ് ബുക്കിൽ ഇത് സംബന്ധിച്ച കൃത്യമായി രേഖപ്പെടുത്തൽ ഇല്ലാത്തതിനാലും ബാങ്ക് റിക്കൺസിലിയേഷൻ നടത്താത്തതിനാലും ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

അക്കൗണ്ടിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ടിന്റെ വിവരങ്ങൾ | 31.03.2021 - ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 1 | അസി. എഞ്ചിനീയർ | 40179101047664<br>കേരള ഗ്രാമീണബാങ്ക് കല്ലൂർ | ₹567467/ |

12.04.2007ലെ ജി.ഒ.(പി)നം.177/2006/ധനം ഉത്തരവ് പ്രകാരം നോൺബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശ ഭരണസ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ (ഡിമാണ്ട് ഡ്രാഫ്റ്റ് നൽകുക എന്ന ആവശ്യത്തിനു മാത്രമായി) ബാങ്ക് അക്കൌണ്ട് ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. ഒരോ മാസത്തിന്റെയും അവസാനം ഇപ്രകാരം ആരംഭിച്ച അക്കൌണ്ടിൽ ബാക്കി നിൽക്കുന്ന തുക ചലാൻ മുഖേന ട്രഷറിയിൽ തിരിച്ചടക്കേണ്ടതാണ്. ഈ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്ന തുകകളുടെ വിവരം അനെക്സർ ബി - V ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.ഓഡിറ്റ് എൻക്വയറി.നം. 23തീയതി 30.06.22 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.

ബാങ്കിംഗ് ട്രഷറി മുഖേനയാണ് പണമിടപാടുകൾ നടത്തുന്നത് എന്നതിനാൽ മേൽ പറഞ്ഞ ബാങ്ക് അക്കൗണ്ടിലെ തുക എന്ത് ആവശ്യത്തിന് വേണ്ടി സൂക്ഷിക്കുന്നതാണെന്നുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-22 ഇ.ടെണ്ടർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

ഗ്രാമപഞ്ചായത്ത് തൻവർഷം ഇ - ടെണ്ടർ നടപടി മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി കാണുന്നില്ല. തൻവർഷം ഇ.ടെണ്ടർ മുഖേന 26 പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഈടാക്കിയത് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

02.10.17 ലെ G.O(MS)3186/2017LSGD പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇ-ടെൻഡറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൌണ്ട് തുടങ്ങുന്നതിന് നിർദ്ദേശിച്ചിരുന്നു.കൂടാതെ സർക്കുലർ നമ്പർ ഡി.ബി.1/7942/2010/CE/LSGD/27.11.19 പ്രകാരം തുക ഈടാക്കുന്ന ഉദ്യോഗസ്ഥൻ അതാത് തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമായിരുന്നു. ഓഡിറ്റ് എൻക്വയറി.നം. 6 /20-21തീയതി 27.06.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവു വെച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ജലസേചനപദ്ധതികൾ-ആയക്കെട്ട് സർട്ടിഫിക്കറ്റ് ഇല്ലാതെ പദ്ധതികൾ നടപ്പാക്കി.

തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന ജലസേചനപദ്ധതികളുടെ ഫയലുകളിൽ പൂർണ്ണമായ രേഖകൾ ഇല്ല.
സ.ഉ.(കൈ).നം22/2018/ത.സ്വ.ഭ.വ14.02.18

പ്രകാരം കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ ആണ് ജലസേചനപദ്ധതികൾ ഏറ്റെടുക്കാവുന്നത്.

എന്നാൽ ഫയലിൽ ഈ വിവരങ്ങൾ ഇല്ല

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക | ബിൽനമ്പർ/വൌച്ചർ നമ്പർ |
|---|---|---|---|---|
| 2 | 301/21 | കാരക്കരകനാൽ ദീർഘിപ്പക്കൽ | 177234 | 40/30.09.20 |
| 4 | 332/21 | നമ്പിക്കൊല്ലി കനാൽ മോട്ടോർ സ്ഥാപിക്കൽ | 99984 | 13/27.05.20 |

ഓഡിറ്റ്എൻക്വയറി.നം.3/20-21തീയതി 23.06.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ,ഫോർമേഷൻ -PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ നഷ്ടം-പൂർത്തികരണകാലാവധി ദീർഘിപ്പിച്ചിട്ടും. പിഴ ഈടാക്കിയിട്ടില്ല.

കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ഫോർമേഷൻ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് അനുവദിച്ചപ്പോൾ PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ അധികം തുക നൽകി കൂടാതെ പൂർത്തികരണകാലാവധി ദീർഘിപ്പിച്ചിട്ടും ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ,ഫോർമേഷൻ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.235/21 |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ & ഫണ്ട് | ₹987000/- (വികസനഫണ്ട്.ജനറൽ) |

| | |
|---|---|
| ചെലവ് | ₹948784<br>ട്രഷറി ബിൽ നമ്പർ-15/27.05.20 |
| കരാർ നമ്പർ & തീയതി | 87/AE/LSGD/NLP 18-19/29.01.19 |
| കരാറുകാരൻ | അബ്ദുൾ അസീസ് |
| അളവ് പുസ്തക നമ്പർ | 247/17-18 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.19 |
| പ്രവൃത്തി ആരംഭിച്ച തീയതി | 05.03.20<br>അളവുപുസ്തകം പേജ്,1/247/17-18 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 20.03.20<br>അളവുപുസ്തകം പേജ്,7/247/17-18 |

ഇ.ടെണ്ടർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയിൽ കരാറുകാരൻ ക്വാട്ട് ചെയതിരിക്കുന്നത് 906241.43 രൂപയാണ്.എന്നാൽ ആകെ ചെയ്ത പ്രവൃത്തിമൂല്യം PAC യിൽ ലിമിറ്റ് ചെയ്യാത്തതിനാൽ താഴെപ്പറയുന്ന രീതിയിൽ അധികം നൽകി.

| നൽകിയ തുക | | നൽകാവുന്ന തുക | |
|---|---|---|---|
| ആകെ ചെയ്ത പ്രവൃത്തിമൂല്യം | 1018355.31 | ആകെ ചെയ്ത പ്രവൃത്തിമൂല്യം | 1018355.31 |
| PAC യിൽ ലിമിറ്റ് ചെയ്തത് | 954944 | PAC യിൽ ലിമിറ്റ് ചെയ്തത് | 906241.43 |
| കാലി ബാരൽ വില ,6160<br>കുറച്ചത് | 948784 | കാലി ബാരൽ വില 6160<br>കുറച്ചത് | 900081 |
| നികുതികൾ<br>IT-9549<br>CWWF-9549<br>GST-19098<br>കുറച്ചത് | 910583 | നികുതികൾ<br>IT-9062<br>CWWF-9062<br>GST-18124<br>കുറയ്ക്കേണ്ടത് | 863833 |
| കരാറുകാരന് നൽകിയത് | 910583 | കരാറുകാരന് നൽകാവുന്നത് | 863833 |
| അധികം നൽകിയത് | | | 46750 രൂപ |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്. എന്നാൽ അസി. എഞ്ചിനീയർ കരാറുകാരനുമായി ചമച്ച ഉഭയകക്ഷി കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘീകരണ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

എന്നാൽ ഈ പ്രവൃത്തി യഥാസമയം ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരൻ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. ഭരണസമിതി സമയം ദീർഘിപ്പിച്ചു നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്നു മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തികരിക്കാത്ത കരാറുകാരനിൽ നിന്നും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

ഈടാക്കേണ്ടിയിരുന്ന പിഴ തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| പി ഴയി ല്ലാ തെ അനു വദിക്കാ വു ന്നഅധി ക സമയം (60 X 20/100) | 12 ദി വസങ്ങൾ |
| പി ഴയി ല്ലാ തെ അനു വദിക്കാ വു ന്ന അധി ക സമയം അവസാ നിക്കു ന്ന തീ യ്യതി (31.03.19 + 12 ദി വസങ്ങൾ) | 12.04.2019 |
| ആദ്യ മൂ ന്ന് മാ സത്തേ ക്ക് 12.04.19 മു തൽ 11.07.19വരെ (കരാ ർ തു കയു ടെ 1%) | 906241.43*1/100=9062 |
| അടു ത്ത മൂ ന്ന് മാ സത്തേ ക്ക് 12.07.19 മു തൽ 11.10.19 വരെ (കരാ ർതു കയു ടെ 2%) | 906241.43*2/100=18124 |
| അടു ത്ത മൂ ന്ന് മാ സത്തേ ക്ക് 12.10.19 മു തൽ 11.01.20 വരെ (കരാ ർതു കയു ടെ 2%) | 906241.43*2/100=18124 |
| 12.01.20 മു തൽ 20.03.20 വരെ (കരാ ർതു കയു ടെ 2%) | (906241.43*2/100)/90*68=13694 |
| ആകെ പി ഴയാ യി ഈടാ ക്കേ ണ്ട തു ക | 59004/- |

പിഴ ഈടാക്കാതെ കാലാവധി അധികം അനുവദിച്ചത് ശരിയായ നടപടിയല്ല.പിഴ ഉത്തരവാദികളിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി.നം.8/20-21തീയതി 28.06.22. പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നല്കിയിട്ടില്ല.അധികം നൽകിയ 46750 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.അധികം നൽകിയ തുകയും നിയമാനുസൃതം ഈടാക്കേണ്ട പിഴയും ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.(ഖണ്ഡിക 3-1 കാണുക)

## 1-25 പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്ന് -ടെണ്ടർ കുറവ് വരുത്തിയില്ല.

തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽനിന്നും ടെണ്ടർ കുറവ് വരുത്താത്തതിനാൽ 7978 രൂപയുടെ നഷ്ടം.

1. പ്രോജക്ട് നമ്പർ- 259/21,

ടെണ്ടർ തീയതി-07.03.19

പ്രോജക്ട്- കവർ നിർമ്മാണയൂണിറ്റിന് ഷെഡ് നിർമ്മാണം

നിർവഹണം- അസി.എൻജിനീയർ, അടങ്കൽ-₹2,00,000/-

കരാറുകാരൻ -അബ്ദുൾ അസീസ്

എഗ്രിമെന്റ് നമ്പർ- AE/LSGD/NLP/97/18-19/18.03.19

ബിൽ നമ്പർ നമ്പർ-16/20-21/27/5/20

പ്രവർത്തി 3.5 % ടെണ്ടർ കുറവിനാണ് കരാറുകാരൻ ഏറ്റെടുത്തത്.. ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം- 138692.87രൂപ. ,ആദായനികുതി 1%,,കെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം 1% എന്നിവ 2774കുറച്ച് 135918രൂപ കോൺട്രാക്ടർക്ക് നൽകി. ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്.ടെണ്ടർ കുറവ് നടത്താത്തതിനാൽ 4756 രൂപ അധികം നൽകി.

കരാറുകാരന് നൽകാവുന്ന തുക ഇപ്രകാരമാണ്

ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം - 138692 രൂപ.

കുറക്കുക (3.5% ടെണ്ടർ കുറവ്) -4854

ബാക്കി -133838

IT(1%)-1338,CWWF(1%)-1338

കരാറുകാരന് നൽകാവുന്നത്-131162

കരാറുകാരന് നൽകിയത്-135918

അധികം നൽകിയത്-4756

2. പ്രോജക്ട് നമ്പർ- 331/21,

ടെണ്ടർ തീയതി-07.03.19

പ്രോജക്ട്- വള്ളുവാടി കളത്തുർകുന്ന് റോഡ് റീടാറിംഗ്

നിർവഹണം- അസി.എൻജിനീയർ, അടങ്കൽ-₹7,00,000/-

കരാറുകാരൻ -അബ്ദുൾ അസീസ്

എഗ്രിമെന്റ് നമ്പർ- 102/AE/LSGD/NLP/18-19/18.03.19

ബിൽ നമ്പർ നമ്പർ-29/20-21/20.08.20

പ്രവർത്തി 0.5 % ടെണ്ടർ കുറവിനാണ് കരാറുകാരൻ ഏറ്റെടുത്തത്.. ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം- 671755രൂപ. ,ആദായനികുതി 6718,,കെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം 6718 ,GST-13436എന്നിവയും കുറച്ച് 644883 രൂപയിൽ നിന്ന് ടാർ ബാരൽ വില 10360 രൂപ കുറച്ച് എസ്റ്റിമേറ്റിലെ GST വിഹിതവും ഉൾപ്പെടുത്തി 667098 രൂപ കരാറുകാരന് നൽകി.. ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്.ടെണ്ടർ കുറവ് നടത്താത്തതിനാൽ 3222 രൂപ അധികം നൽകി.

കരാറുകാരന് നൽകാവുന്ന തുക ഇപ്രകാരമാണ്

ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം - 671755 രൂപ.

കുറക്കുക (0.5% ടെണ്ടർ കുറവ്) -3358

ബാക്കി -668397

IT(1%)-6684,CWWF(1%)- 6684,GST-13368,ബാരൽ വില- 10360,

ബാക്കി -631301

കൂട്ടുക-GST-32575

കരാറുകാരന് നൽകാവുന്നത്- 663876

കരാറുകാരന് നൽകിയത്-667098

അധികം നൽകിയത്-3222

ഓഡിറ്റ് എൻക്വയറി.നം. 2 /20-21തീയതി 23.06.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അധികം നൽകിയ (4756+3222=7978) 7978 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 കൺമണി പദ്ധതി നിർവഹണം-പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധം

പട്ടികവർഗ വിദ്യാർത്ഥികളുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ്

കൺമണി(പ്രോ.നം.എസ്.ഒ.113/21). ഗ്രാമ പഞ്ചായത്തിലെ വിവിധ എൽ.പി സ്കൂളുകളിൽ പഠിക്കുന്ന 9-12 വയസ് പ്രായപരിധിയിലുള്ള പട്ടികവർഗ വിഭാഗത്തിൽപ്പെടുന്ന 50 വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പദ്ധതിയാണിത്.

പദ്ധതിയുടെ ലക്ഷ്യങ്ങൾ

(1)തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളെ വിവിധ മത്സര പരീക്ഷകൾ എഴുതാൻ പ്രാപ്തരാക്കുക(സൈനിക സ്കൂൾ പ്രവേശനം,നവോദയ സ്കൂൾ പ്രവേശനം എന്നിവ)

(2)കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ

(3)കുട്ടികളുടെയും കുടുംബത്തിന്റെയും സാമൂഹികവും വൈകാരികവുമായ വാലിഡേഷൻ സാധ്യമാക്കുക.

ആഴ്ചയിൽ രണ്ടുദിവസം (ശനി,ഞായർ) ഗ്രാമ പഞ്ചായത്തിലെ ഒരു കേന്ദ്രത്തിൽ വിദ്യാർത്ഥികളെ എത്തിച്ച് പരിശീലനം നല്കുകയാണ് ചെയ്തിരിക്കുന്നത്.ഈ പ്രോജക്ടിന്റെ നടത്തിപ്പിനായി ടി.എസ്.പി ഫണ്ടിൽ നിന്ന് 1866869/രൂ. ചെലവഴിച്ചിട്ടുണ്ട് [ബിൽ നം.01/20-21/28-9-20 ₹528276/, ബിൽ നം.02/20-21/21-10-20 ₹155110/, ബിൽ നം.03/20-21 /16-12-20 ₹65450/, ബിൽ നം.04/20-21/16-01-21 ₹376995/, ബിൽ നം.06/20-21/23-2-21 ₹257778/, ബിൽ നം.10/20-21/18-3-21₹418260/, ബിൽ നം.29/20-21/12-6-20 ₹65000/]

പ്രോജക്ടുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(എ)കുട്ടികളെ തെരഞ്ഞെടുത്തത് ഏതടിസ്ഥാനത്തിലാണ്.

(ബി)പ്രോജക്ടിന്റെ നടത്തിപ്പിനായി ശമ്പളം,ഹോണറേറിയം,എന്നിവ നല്കിയിട്ടുണ്ട്.എന്നാൽ പ്രോജക്ട് പ്രകാരം ശമ്പളം,ഹോണറേറിയം എന്നിവയ്ക്ക് തുക വകയിരുത്താൻ പാടില്ലെന്ന് സബ്സിഡി മാർഗരേഖയിൽ[സ.ഉ(കൈ)നം.22/2018/തസ്വഭവ തീ. 14-02-2018] വ്യക്തമാക്കിയിട്ടുണ്ട്.

(സി)ഭക്ഷണം,വാഹന വാടക ,പ്രിന്റിംഗ് എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

(ഡി)₹13000/മാസ വാടക നല്കി ഒരു കെട്ടിടം വാടകയ്ക്കെടുത്തിട്ടുണ്ട്.₹13000/ വാടക നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.

(ഇ)Socio Emotional Learning പരിശീലന രീതിയാണ് അവലംബിക്കുക എന്നാണ് പ്രോജക്ടിൽ വ്യക്തമാക്കിയിരിക്കുന്നത്.ഇതിന് പ്രാപ്തരായ പരിശീലകർ തന്നെയാണോ ക്ലാസുകൾ കൈകാര്യം ചെയ്തത് (യോഗ്യത സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിരുന്നില്ല).

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (ഓഡിറ്റ് എൻക്വയറി നം. 17/20-21 തീയതി 30.06.2022)പദ്ധതിയുടെ നടത്തിപ്പിന് 2018ൽ അംഗീകാരം ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അതു സംബന്ധിച്ച രേഖകൾ ഹാജരാക്കിയിരുന്നില്ല.കൂടാതെ കെട്ടിടം വാടകയ്ക്കെടുത്തത് സംബന്ധിച്ച മറുപടിയിൽ വാടക നിശ്ചയിച്ചതുമായി ബന്ധപ്പെട്ട മറുപടി തൃപ്തികരമല്ല. ആയതിനാൽ ചെലവു തുക ₹1866869/ ഓഡിറ്റിൽ തടസത്തിൽ വയ്ക്കുന്നു.

## 1-27 അംഗൺവാടി പോഷകാഹാരം- വെളിച്ചെണ്ണ വിതരണം ചെയ്തതിൽ കുറവ് സംഭവിച്ചു

അംഗൺവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം ₹ 65,78,107 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0077/21 | അംഗൺവാടി പോഷകാഹാരം | 10,39,797.00 (വികസനം ജനറൽ)<br>26,00,000.00 (വികസനം എസ്.സി.പി)<br>30,00,000.00 (കേന്ദ്രാവിഷ്കൃതം)<br>ആകെ 66,39,797.00 | 65,78,107.00 |

ട്രഷറി ബിൽ നം. 3/24.04.20 പ്രകാരം നോർത്ത് മലബാർ ഡിസിട്രിക്ട് കോപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ് (NMDC), കൽപ്പറ്റയിൽ നിന്നും 6,10,032.00 രൂപയുടെ സാധനങ്ങൾ വാങ്ങിച്ചിട്ടുണ്ട് ( ഇൻവോയിസ് നം./തീയതി - Credit/006/20-21/10.04.20). ഇൻവേയിസ് പ്രകാരം 789 എണ്ണം ഒരു ലിറ്റർ പൗച്ച് വെളിച്ചെണ്ണ ആണ് വാങ്ങിയിരിക്കുന്നത്. എന്നാൽ, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വിതരണം ചെയ്തിരിക്കുന്നത്, 769 എണ്ണം വെളിച്ചെണ്ണ മാത്രമാണ്.NMDC-യുടെ ഇൻവോയിസ് പ്രകാരം, ഒരു ലിറ്റർ പൗച്ച് വെളിച്ചെണ്ണക്ക് 189/- രൂപയാണ് നൽകിയിരിക്കുന്നത്. അതിനാൽ, 20 പൗച്ച് വെളിച്ചെണ്ണയുടെ വില ₹ 3,780.00 അധികം നൽകിയിരിക്കുകയാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (10/20-21/28.06.22 ) ലഭ്യമാക്കിയ മറുപടിയിൽ, NMDC-യിൽ നിന്നും തുക തിരികെ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.അധികം നൽകിയ ₹ 3,780.00 തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-28 അംഗൺവാടി പോഷകാഹാരം- സപ്ലൈകോ നിരക്കിൽ പരിമിതപ്പെടുത്തിയാണോ സാധനങ്ങൾ വാങ്ങിയതെന്ന് പരിശോധിക്കുവാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അംഗൺവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം ₹ 65,78,107.00 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0077/21 | അംഗൺവാടി പോഷകാഹാരം | 10,39,797.00 (വികസനം ജനറൽ)<br>26,00,000.00 (വികസനം എസ്.സി.പി)<br>30,00,000.00 (കേന്ദ്രാവിഷ്കൃതം)<br>ആകെ 66,39,797.00 | 65,78,107 |

ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ബിൽ നം/തീയതി | തുക |
|---|---|
| 1/20.04.2020 | 18042 |
| 3/24.04.2020 | 610032 |
| 4/14.07.2020 | 396127 |
| 5/27.08.2020 | 195679 |
| 6/27.08.2020 | 172210 |
| 8/20.10.2020 | 560547 |
| 4/28.10.2020 | 289686 |
| 11/12.01.2021 | 215529 |
| 14/12.01.2021 | 429765 |
| 19/18.02.2021 | 704817 |
| 21/18.09.21 | 47363 |
| ചെക്ക് നം./തീയതി | തുക |
| 063664/13.07.2020 | 641000 |
| 063764/28.10.2020 | 1100000 |
| 063860/01.01.2021 | 597310 |
| 063962/01.02.2021 | 600000 |

അനുപൂരക പോഷകാഹാരങ്ങൾ കുടുംബശ്രീ/സഹകരണ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാവുന്നതാണെങ്കിലും, ആയതിനുള്ള വിലകൾ അതത് സമയത്ത് മാവേലി സ്റ്റോറിലുള്ള തുകയേക്കാൾ അധികമാകുന്നില്ല എന്ന്

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്. ഈ പദ്ധതി പ്രകാരം സാധനങ്ങൾ വാങ്ങിയത് നോർത്ത് മലബാർ ഡിസിടിക്ട് കോപ്പറേറ്റീവ് സപ്ലൈ & മാർക്കറ്റിംഗ് സൊസൈറ്റി ലിമിറ്റഡ് (NMDC), കൽപ്പറ്റയിൽ നിന്നാണ്. NMDC യിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | NMDC ഇൻവോയിസ് നം./തീയതി | തുക(₹) |
|---|---|---|
| 1 | Credit/006/20-21/10.04.20 | 6,10,032.00 |
| 2 | Credit/059/20-21/12.06.20 | 3,07,679.00 |
| 3 | Credit/183/20-21/28.09.20 | 5,60,547.00 |
| 4 | Credit/251/20-21/27.01.20 | 7,32,666.00 |
| 5 | Credit/321/20-21/30.01.21 | 7,17,123.00 |
| 6 | Credit/516/20-21/20.12.19 | 5,50,012.00 |
| 7 | Credit/653/20-21/15.02.20 | 5,34,481.00 |
| 8 | Credit/052/20-21/27.06.20 | 3,07,679.00 |
| 9 | Credit/120/20-21/28.07.20 | 6,11,769.00 |
| ആകെ | | 49,31,988.00 |

ഓഡിറ്റിന്, സപ്ലൈകോയുടെ വില നിലവാരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. NMDC -യിൽ നിന്നും സാധനങ്ങൾ വാങ്ങിക്കുന്നതിനുള്ള ഭരണ സമിതി തീരുമാനവും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/20-21/28.06.22 ) ലഭ്യമാക്കിയ മറുപടിയിൽ, സപ്ലൈകോയുടെ ബില്ലുകൾ പരിശോധിക്കാതെയാണ് സാധനങ്ങൾ വാങ്ങിയതെന്നാണ് പറയുന്നത്. മറുപടിയിൽ ലഭ്യമാക്കിയ ഭരണസമിതി തീരുമാനം 20.07.2018-ന്റെ ആണ്.2020-21 വർഷത്തെ തീരുമാനം ലഭ്യമാക്കേണ്ടതാണ്. മേൽ കാരണങ്ങളാൽ, ഖണ്ഡിക 1-30ൽ നഷ്ടമായി കണക്കാക്കിയ 3780/-രൂപ കിഴിച്ചിട്ട് ബാക്കി തുകയായ 4928208/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-29 അംഗൺവാടി പോഷകാഹാരം-ഗുണനിലവാരം ഉറപ്പുവരുത്താതെ വിതരണം ചെയ്യുന്നു.

അംഗൺവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം ₹ 65,78,107.00 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0077/21 | അംഗൺവാടി പോഷകാഹാരം | 10,39,797.00 (വികസനം ജനറൽ)<br>26,00,000.00 (വികസനം എസ്.സി.പി)<br>30,00,000.00 (കേന്ദ്രാവിഷ്കൃതം)<br>ആകെ 66,39,797.00 | 65,78,107.00 |

മേൽ പദ്ധതിയിൽ, 1568084/- രൂപ ജീവൻധാര ന്യൂട്രിമിക്സിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നതിനാണ് ചെലവഴിച്ചിരിക്കുന്നത്.

22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ അംഗീകരിച്ചിട്ടുണ്ട്. അതിൽ, ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വിതരണം ചെയ്താൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5/06/2010, 01/02/2010 എന്നീ തിയ്യതികളിലെ ഐ സി ഡി എസ്. ബി3-312/2010, കത്തുകളിൽ നിർദ്ദേശിച്ചിരുന്നു.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20-21/28.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ പരിശോധന റിപ്പോർട്ടുകൾ ഓഡിററിന് ലഭ്യമാക്കേണ്ടതാണ്.

## 1-30 ലൈഫ് പദ്ധതി എസ്.ടി- സ്ഥലം വാങ്ങിയത് - സുതാര്യമല്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ഭവനരഹിതരായ പട്ടിക വർഗ്ഗക്കാരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, ആധാര പ്രകാരമുള്ള ന്യായവിലയിലും വളരെ ഉയർന്ന തുകക്കാണ് സ്ഥലം വില പേശാതെ വാങ്ങിയിരിക്കുന്നത്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് / അഡ്രസ്സ് | സ്ഥലം വിൽക്കുന്ന ആളുടെ പേര് / അഡ്രസ്സ് | ആധാരം നം. / റീസർവ്വേ നം. | ഒട്ടളവ് (ആർ) | ന്യായവില/ ആർ (₹) | തീരുവില (₹) | നൽകിയ തുക(₹) | നൽകിയ വില/ ആർ(₹) |
|---|---|---|---|---|---|---|---|---|
| 1 | കുമാരി,W/o കുഞ്ഞിരാമൻ, വെള്ളക്കെട്ട് കോളനി,പള്ളിവയൽ | കുട്ടികൃഷ്ണൻ പുത്തൂർ,കിടങ്ങനാട് | ആധാരം നം. 458/1/20 /29.06.20 സർവ്വേ നം. 167/15 | 1.77 | 12500 | 195000 | 195000 | 1,101,169 |
| 2 | നാരായണി, വെള്ളക്കെട്ട് കോളനി,കിടങ്ങനാട് | കുട്ടികൃഷ്ണൻ പുത്തൂർ,കിടങ്ങനാട് | ആധാരം നം. 1457/20 /1/29.06.20/ സർവ്വേ നം.167/15 | 1.77 | 12500 | 195000 | 195000 | 1,101,169 |
| 3 | രമ, D/o പീലിച്ചി,മണ്ണൂർക്കുന്ന് പണിയ കോളനി, നായ്ക്കെട്ടി | ഹൈറുന്നിസ, W/o അഷറഫ്, മത്തൻകുളം വീട്, നായ്ക്കെട്ടി | ആധാരം നം. 1892/20 /1/20.08.20 സർവ്വേ നം784/1 | 1.82 | 9880 | 2,10,000 | 2,00,000 | 1,09,800 |
| 4 | സീത W/o കൃഷ്ണൻ,മണ്ണൂർക്കുന്ന് വീട്,നായ്ക്കെട്ടി | ഹൈറുന്നിസ, W/o അഷറഫ്, മത്തൻകുളം വീട്, നായ്ക്കെട്ടി | ആധാരം നം. 1893/1 /20/20.08.20 സർവ്വേ നം784/1 | 1.82 | 9880 | 2,00,000 | 2,00,000 | 1,09,800 |
| 5 | കല്ല്യാണി കൊളിപ്പാലി പണിയ കോളനി,നെൻമേനിക്കുന്ന് | മാധവി ഭാസ്കരന്, എടാട്ട് വീട്, നെൻമേനിക്കുന്ന് | ആധാരം നം. 2098/1 /20/20.09.20 സർവ്വേ നം318/6 | 2.2 | 7500 | 150000 | 150000 | 68,182 |
| 6 | വാസു തോലി പണിച്ചി, | മാധവി ഭാസ്കരന്, | ആധാരം നം. | 2.2 | 7500 | 1,50,000 | 1,50,000 | 68,182 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കൊളിപ്പാലി പണിയ കോളനി,നെൻമേനിക്കുന്ന് | എടാട്ട് വീട്, നെൻമേനിക്കുന്ന് | 2099/20 /11.09.20 സർവ്വേ നം318/6 | | | | | |
| 7 | പുഷ്പ വെളിയന്,കുറുക്കപ്പാളി പണിയ കോളനി, നെൻമേനിക്കുന്ന് | മാധവി ഭാസ്കരന്, എടാട്ട് വീട്, നെൻമേനിക്കുന്ന് | ആധാരം നം. 2100/20 /1/11.09.20 സർവ്വേ നം318/6 | 2.2 | 7500 | 1,50,000 | 1,50,000 | 68,182 |
| 8 | ജാനകി, W/o പാലൻ,കുറുക്കപ്പാളി പണിയ കോളനി, നെൻമേനിക്കുന്ന് | മാധവി ഭാസ്കരന്, എടാട്ട് വീട്, നെൻമേനിക്കുന്ന് | ആധാരം നം. 2013/20 /1/11.09.20 സർവ്വേ നം318/6 | 2.2 | 7500 | 150000 | 150000 | 68,182 |
| 9 | അഖില വിനോദ്,കോളിപ്പാലി പണിയ കോളനി, നെൻമേനിക്കുന്ന് | മാധവി ഭാസ്കരന്, എടാട്ട് വീട്, നെൻമേനിക്കുന്ന് | ആധാരം നം. 2011/20 /11.09.20 സർവ്വേ നം318/6 | 2.2 | 7500 | 150000 | 150000 | 68,182 |
| 10 | രാജൻ, കറുപ്പി പണിച്ചി,കോളിപ്പാലി പണിയ കോളനി, നെൻമേനിക്കുന്ന് | മാധവി ഭാസ്കരന്, എടാട്ട് വീട്, നെൻമേനിക്കുന്ന് | ആധാരം നം. 2014/20 /1/11.09.20 സർവ്വേ നം318/6 | 2.2 | 7500 | 150000 | 150000 | 68,182 |
| 11 | കറപ്പി, കോളിപ്പാലി പണിയ കോളനി,നെൻമേനിക്കുന്ന് | മാധവി ഭാസ്കരന്, എടാട്ട് വീട്, നെൻമേനിക്കുന്ന് | ആധാരം നം 2102/20 /1/11.09.20 സർവ്വേ നം318/6 | 2.2 | 7500 | 150000 | 150000 | 68,182 |
| 12 | സുധീഷ്, S/o കുഞ്ഞൻ, കമ്പ്രംകൊല്ലി പണിയ കോളനി,മൂലങ്കാവ് | ബിജി W/o സുരേന്ദ്രൻ, പണിക്കൻതടത്തിൽ വീട്, മൂലങ്കാവ് | ആധാരം നം 2325/1 /20/28.09.20 സർവ്വേ നം22/3 | 2.2 | 5000 | 175000 | 175000 | 79,545 |
| 13 | വെള്ളച്ചി W/o കുഞ്ഞൻ,കമ്പ്രംകൊല്ലി പണിയ കോളനി,മൂലങ്കാവ് | ബിജി W/o സുരേന്ദ്രൻ, പണിക്കൻതടത്തിൽ വീട്, മൂലങ്കാവ് | ആധാരം നം 2324/1 /20/28.09.20 സർവ്വേ നം22/3 | 2.2 | 5000 | 175000 | 175000 | 79,545 |
| 14 | വെള്ളച്ചി W/o കറപ്പൻ,കമ്പ്രംകൊല്ലി പണിയ കോളനി,മൂലങ്കാവ് | ബിജി W/o സുരേന്ദ്രൻ, പണിക്കൻതടത്തിൽ വീട്, മൂലങ്കാവ് | ആധാരം നം 2323/1 /20/28.09.20 സർവ്വേ നം22/3 | 2.2 | 5000 | 175000 | 175000 | 79,545 |
| 15 | ശാന്ത W/o ചന്ദ്രൻ, കമ്പ്രംകൊല്ലി പണിയ കോളനി, മൂലങ്കാവ് | ബിജി W/o സുരേന്ദ്രൻ, പണിക്കൻതടത്തിൽ വീട്, മൂലങ്കാവ് | ആധാരം നം 2322/1 /20/28.09.20 സർവ്വേ നം22/3 | 2.2 | 5000 | 175000 | 175000 | 79,545 |
| 16 | നിഷ, W/o അനൂപ്, | ഉഷ മാധവൻ, | ആധാരം നം. | 2 | 6806.25 | 190000 | 190000 | 95,000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മറുകര കാട്ടുനായ്ക്ക കോളനി, നായ്ക്കെട്ടി | കുറുമ്പുകുന്ന് വീട്, അമ്പലവയൽ | 978/1/20 /28.09.20 സർവ്വേ നം137/2 | | | | | | |

മേൽ പട്ടികയിൽ നിന്നും ആധാര പ്രകാരമുള്ള ന്യായവിലയിലും വളരെ അധികരിച്ച നിരക്കിനാണ് സ്ഥലം വാങ്ങിയിരിക്കുന്നത് എന്നത് വ്യക്തമാണ്. സ്ഥലം വിൽക്കുന്നയാളുകളെ നിർവ്വഹണോദ്യോഗസ്ഥൻ ആണ് തെരെഞ്ഞെടുത്തിരിക്കുന്നത്.പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് ഭരണസമിതി/പ്രൊക്യർമെന്റ് കമ്മിറ്റി തീരുമാനങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥലം നൽകിയതിൽ, തോട്ട ഭൂമി, തണ്ണീർത്തടം, നിക്ഷിപ്ത വനഭൂമി, മിച്ച ഭൂമി, പരിസ്ഥിതി ദുർബല ഭൂമി, സർക്കാർ തർക്ക ഭൂമി, ഭൂപരിധിയിൽ കവിഞ്ഞ ഭൂമി എന്നിവയാണോ എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ ഫയലിൽ ഇല്ല. മുകളിലെ പട്ടികയിലെ ക്രമ നം. 2-ന്റെ ഫയലിൽ, 06/09/2019-ലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥാവകാശ സാക്ഷ്യപത്രം പ്രകാരം (നം.5108301/576/2019) 310/1 എന്ന നമ്പറിൽ കെട്ടിടം ഉണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. മേൽ കെട്ടിടം പഴക്കം മൂലം ഉപയോഗ യോഗ്യമല്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കെട്ടിട നമ്പർ ലഭിക്കണമെങ്കിൽ സ്വന്തം പേരിൽ സ്ഥലം ഉണ്ടാവേണ്ടതുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/20-21/30.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥലം വാങ്ങിയതിലുള്ള മേൽ അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-31 അനിവാര്യ വകയിരുത്തലുകൾ നടത്തേണ്ട പദ്ധതികൾ- മതിയായ വകയിരുത്തൽ ഇല്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 84/21 | ഭിന്നശേഷിയുള്ള | 20,00,000.00 | 5,00,000 |

| | | | |
|---|---|---|---|
| | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ജനറൽ | (500000 - വികസനം ജനറൽ, 500000 - ബ്ലോക്ക് പഞ്ചായത്ത്<br>1000000 – ജില്ല പഞ്ചായത്ത്) | |

മേൽ പദ്ധതി പ്രകാരം ഭിന്നശേഷി/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത നൽകിയിട്ടുണ്ട്. എന്നാൽ, സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായ തുക നൽകിയിട്ടില്ല [സ.ഉ. നം. കൈ നം. 22/2018/തസ്വഭവ 14.02.2018 ഖണ്ഡിക 7.1.6കാണുക]. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | വിഭാഗം | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|
| 1 | മുഹമ്മദ് റയാൻ | മാനസിക വെല്ലുവിളി | 13175 | സ്കോളർഷിപ്പ് - 1000 X 12 = 12000<br>യാത്ര ബത്ത – 1000 X 12 = 12000.<br>വസ്ത്ര ബത്ത (വാർഷികം) - 1500.<br>വിദ്യാഭ്യാസ ബത്ത (വാർഷികം) - 2000.<br>ഉല്ലാസ യാത്ര (വാർഷികം) - 1000.<br>ആകെ - 28500/- |
| 2 | സ്നേഹ.വി.കെ | മാനസിക വെല്ലുവിളി | 13175 | 28500/- |
| 3 | അഭിലാഷ് | മാനസിക വെല്ലുവിളി | 13175 | 28500/- |
| 4 | ദിനാൻ.എം | മാനസിക വെല്ലുവിളി | 13175 | 28500/- |
| 5 | ചിഞ്ചു | മാനസിക വെല്ലുവിളി | 5385 | 28500/- |
| 6 | ദിനാൻ എം | മാനസിക വെല്ലുവിളി | 13175 | 28500/- |
| 7 | മിന്നു സിറിയക് | ശാരീരിക വെല്ലുവിളി | 11050 | സ്കോളർഷിപ്പ് - 1000 X 12 = 12000<br>വാർഷിക ബത്ത – 1000<br>ആകെ - 13000 |

| | | | | |
|---|---|---|---|---|
| | | | | |
| 8 | അബിഷേക്.എം.പി | ശാരീരിക വെല്ലുവിളി | 11050 | 13000 |
| 9 | നിധിൻ ബാലൻ | ശാരീരിക വെല്ലുവിളി | 11050 | 13000 |
| 10 | അരുൺ രാജ് കെ.വി | ശാരീരിക വെല്ലുവിളി | 11050 | 13000 |

മേൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ കാണിച്ചിരിക്കുന്നത് പോലെ മറ്റു വിദ്യാർത്ഥികൾക്കും അർഹതപ്പെട്ട തുക നൽകിയിട്ടില്ല. സബ്സിഡി മാർഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 11/2018/തസ്വഭവ 29.01.2018 ഖണ്ഡിക 5.2.1(4)] വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വെക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. (ബ്ലോക്ക് /ജില്ല പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്താവുന്നതാണ്). അനിവാര്യ ചുമതലകൾക്ക് ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്.

05.01.2019 ലെ ഡ.എ.1/19/2019 ത.സ്വ.ഭ.വ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോർളഷിപ്പും/ബത്തയും നൽകുവാനായി താഴെ പറയുന്ന നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് :

1)അനുവദനീയമായ ആനുകൂല്യം പൂർണ്ണമായി നൽകുവാനായി ഗ്രാമപഞ്ചായത്ത് മതിയായ ഫണ്ട് മാറ്റി വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2)സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരുടെ പൂർണ്ണമായ വിവരങ്ങൾ ICDS/CDPO മുഖേന പഞ്ചായത്തിന് കൈമാറുന്നതോടൊപ്പം, മതിയായ തുക മാറ്റി വയ്ക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.വകയിരുത്തിയ വികസനഫണ്ടിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ജില്ല/ബ്ലോക്ക് വിഹിതം ലഭിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (113/20-21/28.06.22 ) ലഭ്യമാക്കിയ മറുപടിയിൽ, വകയിരുത്തിയ മുഴുവൻ വിഹിതവും ലഭ്യമാക്കിയിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. അനിവാര്യ വകയിരുത്തലുകൾ നടത്തേണ്ട പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യത്തിനുള്ള വികസന ഫണ്ട് മാറ്റി വെച്ചിട്ടില്ലാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-32 നിർമ്മിതി കേന്ദ്രത്തിന് നിർവ്വഹണോദ്യോസ്ഥൻ നേരിട്ട് പ്രവർത്തി കരാർ നൽകി

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ, അസി. എഞ്ചിനീയർ മുഖേനയല്ലാതെ നേരിട്ട് നിർമ്മിതി കേന്ദ്രക്ക് പ്രവർത്തി കരാർ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ(₹) | എസ്റ്റിമേറ്റ്(₹) | എം.ബുക്ക് നമ്പർ | ചെലവഴിച്ച തുക(₹) |
|---|---|---|---|---|---|
| 1 | നൂൽപ്പുഴ എൻ.എഫ്.സി യിൽ മിനി എം.സി.എഫ്/412/21 | 3,00,000.00 (കേന്ദ്രാവിഷ്കൃതം) | 3,00,000.00 | NKW 51/20-21 (പേജ് നം 1-49) | 3,00,000.00 (ചെക്ക് നം.5566237/23.01.21) |

| | | | | | |
|---|---|---|---|---|---|
| 2 | ആർദ്രം - സാന്ത്വന സ്പർശം-വയോജന സംരക്ഷണ പരിപാടി/073/21 | 3,12,140.00 (വികസന ഫണ്ട് പൊതുവിഭാഗം) | 1,00,000.00 | NKW 38(1)/20-21 (പേജ് നം 1-25) | 3,12,140.00 (നിർമ്മിതി കേന്ദ്രക്ക് നൽകിയത് 1,00,000.00 – ബിൽ നം. 687771/10.02.21 & 1360129/25.03.21) |
| 3 | ആർദ്രം - ഗോത്ര സ്പർശം-സമഗ്ര ഗോത്ര സംരക്ഷണ പരിപാടി/075/21 | 5,95,262.00 (വികസന ഫണ്ട് പട്ടികവർഗ്ഗം) | 2,00,000.00 | NKW 38(2)/20-21 (പേജ് നം 1-25) | 5,95,262.00 (നിർമ്മിതി കേന്ദ്രക്ക് നൽകിയത് 2,00,000.00 – ബിൽ നം. 148958/25.02.21 & 1181384/03.03.21) |
| 4 | ആർദ്രം - സാന്ത്വന സ്പർശം-വയോജന കോർണർ/040/21 | 5,00,000.00 (വികസന ഫണ്ട് പൊതുവിഭാഗം) | 5,00,000.00 | NKW 2/20-21 (പേജ് നം 1-25) & NKW 2(1)/20-21 (പേജ് നം 1-25) | 5,00,000.00 (ബിൽ നം. 122119/02.05.20 & 360200/25.03.21) |

സർക്കാർ ഉത്തരവ് (ജി.ഒ(പി)നം.311/74/FIN/30.07.2014) പ്രകാരം സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഉള്ള സ്ഥാപനങ്ങൾക്ക് തങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന് സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത മേഖലയിലുള്ള പ്രവൃത്തികൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കാൻ പാടുള്ളൂ. എന്നാൽ, മേൽ പദ്ധതികൾ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് നിർമ്മിതി കേന്ദ്രക്ക് നൽകിയിരിക്കുന്നത്. പബ്ലിക് വർക്കുകൾ അസി.എഞ്ചിനീയർ മുഖേന ആണ് നടപ്പാക്കേണ്ടത്. എം.ബുക്കുകളും ഫൈനൽ ബില്ലുകളും അസി. എഞ്ചിനീയർ പരിശോധിച്ചിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/20-21/30.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം, ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-33 ലൈഫ് പദ്ധതി ഒന്നാം ഘട്ടം -വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-354/21 ലൈഫ് പദ്ധതി ഒന്നാം ഘട്ടം ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കൽ |
| അടങ്കൽ | ₹12,43,972.00 (വികസനം ടി.എസ്.പി)<br>₹19,65,200.00 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ₹ 32,09,172.00 |
| ചെലവ് | ₹ 12,43,972.00 |

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ലൈഫ് പദ്ധതി ഒന്നാം ഘട്ടം ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ,

നിലവിലും താഴെ പറയുന്ന വീടുകൾ പൂർത്തിയായിട്ടില്ല.

| ക്രമ നം. | പേര്, വിലാസം | എസ്റ്റിമേറ്റ് | അനുവദിച്ച തുക(₹) | ശേഷിക്കുന്ന തുക(₹) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | രവി, കർണാൽ പണിയ കോളനി | 425000 | 370000 | 55000 | മേൽക്കൂര വാർപ്പ് പൂർത്തിയായി |
| 2 | മണി, അണ്ണിമൂല കാട്ടുനായ്ക്ക കോളനി | 240000 | 150000 | 90000 | അടുക്കള, ടോയിലറ്റ് പ്രവർത്തികൾ ബാക്കിയുണ്ട്. |
| 3 | സിന്ധു, കദക്കത്ത് കോളനി | 114000 | 60000 | 54000 | മേൽക്കൂര പൂർത്തീകരിച്ചു. |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/20-21/28.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ വീടുകൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-34 ലൈഫ് പദ്ധതി ജനറൽ- വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-35/21 ലൈഫ് മിഷൻ ജനറൽ |
| അടങ്കൽ | ₹58,20,000.00 (വികസനം ജനറൽ)<br>₹25,00,000.00 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹20,00,000.00 (ബ്ലോക്ക്പഞ്ചായത്ത് വിഹിതം)<br>₹50,00,000.00 (വായ്പ)<br>ആകെ ₹ 1,53,20,000.00 |
| ചെലവ് | ₹ 1,17,80,000.00 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ടാം ഘട്ട ലൈഫ് പദ്ധതിയിൽ (ജനറൽ) നിലവിലും താഴെ പറയുന്ന വീടുകൾ പൂർത്തിയായിട്ടില്ല.

| ക്രമ നം. | പേര്/വിലാസം | ഇതു വരെ നൽകിയ തുക(₹) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | അബ്ദുൾ സലീം,<br>കൊട്ടാരവളപ്പിൽ വീട്,<br>നൂൽപ്പുഴ. | 1,95,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>2,00,000.00 – വീട് നിർമ്മാണം<br>ആകെ - 3,95,000.00 | തറ പൂർത്തിയായി |
| 2 | സന്തോഷ്,<br>മേലെ വീട്ടിൽ,<br>നായ്ക്കെട്ടി | 1,95,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>40,000.00 – വീടിന് മുൻകൂർ<br>ആകെ - 2,35,000.00 | പണി തുടങ്ങിയിട്ടില്ല. |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/20-21/30.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ വീടുകൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-35 ലൈഫ് മിഷൻ പദ്ധതി - പൊതു അപാകതൾ

ലൈഫ് മിഷൻ പദ്ധതി മൂന്നാം ഘട്ടത്തിലെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ലൈഫ് മിഷൻ പദ്ധതി മൂന്നാം ഘട്ടത്തിലെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

5. ലൈഫ് രജിസ്റ്ററിൽ ബിൽ നമ്പർ, ചെക്ക് നമ്പർ എന്നിവ രേഖപ്പെടുത്തുന്നില്ല. മിക്ക ഫയലുകളിലും മോണിറ്ററിംഗ് കമ്മിറ്റിയുടെ പൂർത്തീകരണ സാക്ഷ്യ പത്രം വെക്കുന്നില്ല.

6. ഗുണഭോക്താവ് ഒപ്പിട്ട രശീതിയിൽ നിർവ്വഹണോദ്യോഗസ്ഥൻ തിരുത്തലുകൾ വരുത്തുന്നുണ്ട്.

7. മിക്ക ഗുണഭോക്താവിന്റെയും വരുമാന സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/20-21/30.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദീകരണം നൽകേണ്ടതാണ്.

## 1-36 ലൈഫ് പദ്ധതി എസ്.ടി- വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം/ പേര് | S-0037/21 ലൈഫ് പദ്ധതി എസ്.ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കൽ |
| അടങ്കൽ | ₹76,26,000.00 (വികസനം ടി.എസ്.പി)<br>₹1,50,00,000.00 (വായ്പ)<br>₹ 25,00,000.00(ബ്ലോക്ക് പഞ്ചായത്ത്)<br>₹ 30,00,000.00(ജില്ല പഞ്ചായത്ത്)<br>ആകെ ₹ 2,81,26,000.00 |
| ചെലവ് | ₹ 2,41,30,000.00 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ രണ്ടാം ഘട്ട ലൈഫ് പദ്ധതിയിൽ (എസ്.ടി) നിലവിലും താഴെ പറയുന്ന വീടുകൾ പൂർത്തിയായിട്ടില്ല.

| ക്രമ നം. | പേര്/വിലാസം | ഇതു വരെ നൽകിയ തുക(₹) | നിലവിലെ സ്ഥിതി | ഇനി നൽകാനുള്ള തുക(₹) |
|---|---|---|---|---|
| 1 | ശോഭ<br>D/o ഗണപതി,<br>മൻമദംപുളി പണിയ കോളനി,<br>നൂൽപ്പുഴ | 5,00,000.00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 2 | വെള്ളച്ചി<br>W/o കുറുപ്പൻ,<br>മുള്ളൻകൊല്ലി പണിയ കോളനി | 1,75,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>5,00,000.00 – വീട് നിർമ്മാണം<br>ആകെ - 6,75,000.00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 3 | ശാന്ത<br>W/o ചന്ദ്രൻ,<br>കമ്പ്രംകൊല്ലി പണിയ കോളനി | 1,75,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>5,00,000.00 – വീട് നിർമ്മാണം<br>ആകെ -6,75,000.00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 4 | വെള്ളച്ചി<br>W/o കുഞ്ഞൻ,<br>കമ്പ്രംകൊല്ലി പണിയ കോളനി | 1,75,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>5,00,000.00 – വീട് നിർമ്മാണം<br>ആകെ - 6,75,000.00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 5 | പുഷ്പ<br>W/o വെളിയൻ,<br>കറകപ്പാളി പണിയ കോളനി | 1,50,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>5,00,000.00 – വീട് നിർമ്മാണം<br>ആകെ -6,50,000 .00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 6 | ജാനകി<br>W/o പാലൻ,<br>കറകപ്പാളി പണിയ കോളനി, | 1,50,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>5,00,000.00 – വീട് നിർമ്മാണം<br>ആകെ - 6,50,000.00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 7 | രാജൻ<br>S/o ചാറ്റ,<br>കൊളിപ്പാളി പണിയ കോളനി, | 1,50,000.00 – സ്ഥലം വാങ്ങിക്കുന്നതിന്<br>5,00,000.00 – വീട് നിർമ്മാണം<br>ആകെ - 6,50,000.00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 8 | അഖില | 1,50,000.00 – സ്ഥലം | മേൽക്കൂര | 1,00,000 |

| | | | | |
|---|---|---|---|---|
| | W/o വിനോദ്, കറകപ്പാളി പണിയ കോളനി | വാങ്ങിക്കുന്നതിന് 5,00,000.00 – വീട് നിർമ്മാണം ആകെ - 6,50,000.00 | പൂർത്തിയായി | |
| 9 | കറുപ്പി W/o തോളി, കൊളിപ്പാളി പണിയ കോളനി | 1,50,000.00 – സ്ഥലം വാങ്ങിക്കുന്നതിന് 5,00,000.00 – വീട് നിർമ്മാണം ആകെ - 6,50,000.00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 10 | വാസു S/o തോളി, കൊളിപ്പാളി പണിയ കോളനി | 1,50,000.00 – സ്ഥലം വാങ്ങിക്കുന്നതിന് 5,00,000.00 – വീട് നിർമ്മാണം ആകെ -6,50,000 .00 | മേൽക്കൂര പൂർത്തിയായി | 1,00,000 |
| 11 | സുനിത ചന്ദ്രൻ, ആലത്തൂർ മേലെ മൂല, മുത്തങ്ങ | 4,40,000.00 | മേൽക്കൂര പൂർത്തിയായി | 1,60,000 |
| 12 | രുക്മിണി W/o ബാലൻ, ആലത്തൂർ മേലെ മൂല, മുത്തങ്ങ | 4,40,000.00 .00 | മേൽക്കൂര പൂർത്തിയായി | 1,60,000 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/20-21/30.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ വീടുകൾ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 1-37 ലൈഫ് പദ്ധതി (ജനറൽ)- സ്ഥലം വാങ്ങിയത് - സുതാര്യമല്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ലൈഫ് പദ്ധതി പൊതുവിഭാഗം ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, ആധാര പ്രകാരമുള്ള ന്യായവിലയിലും വളരെ ഉയർന്ന തുകക്കാണ് സ്ഥലം വില പേശാതെ വാങ്ങിയിരിക്കുന്നത്.വിശദ വിവരം താഴെ കൊടുക്കുന്നു.

മേൽ പട്ടികയിൽ നിന്നും ആധാര പ്രകാരമുള്ള

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് / അഡ്രസ്സ് | സ്ഥലം വിൽക്കുന്ന ആളുടെ പേര് / അഡ്രസ്സ് | ആധാരം നം. / റീസർവ്വേ നം. | ഒട്ടളവ് (ആർ) | ന്യായവില/ ആർ (₹) | തീരുവില (₹) | നൽകിയ തുക (₹) | നൽകിയ വില/ആർ (₹) |
|---|---|---|---|---|---|---|---|---|
| 1 | അഫീറ. എംടി, W/o സിദ്ദീഖ്, പുല്ലോനിച്ചാൽ വീട് | ഫൗസിയ, W/o ഷൗക്കത്ത്, എറസ് വീട്, നൂൽപ്പുഴ | 453/1/20 /20.02.20 | 1.76 | 35,964 | 3,08,000 | 2,00.000 | 1,13,636 |
| 2 | ജലജ D/oകാർത്തികേയൻ, മടത്തിൽ വീട്, നൂൽപ്പുഴ | ഹസീന, W/o ഷബീറലി, മലിക്കാ പറമ്പിൽ, നൂൽപ്പുഴ | 522/20 /1/10.02.20 സർവ്വേ നം.653/2 | 1.22 | 13,000 | 2,10,000 | 2,00,000 | 1,63,934 |
| 3 | ഭാരതി, W/o സേതുമാധവൻ, സുരഭി നിവാസ്,മൂലങ്കാവ് | പ്രസന്ന കെ, ശ്രീജയ വീട്, മൂലങ്കാവ് | 568/20 /1/13.02.20 | 1.21 | 4,495 | 2,04,000 | 2,00,000 | 1,65,289 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | ജിജി ജോബി, മേലേ മുറിയില് വീട്,കിടങ്ങനാട് | കെ.വി.ജയിംസ്, S/o വർഗ്ഗീസ്, കുരീക്കാട്ടിൽ വീട്, കുപ്പാടി | 500/1/20 /04.02.20 സർവ്വേ നം.20/3 | 2.3 | 14,747 | 1,75,000 | 1,75,000 | 79,087 |
| 5 | സുനിത W/o സുരേഷ് ബാബു, മാളേരി വീട്,നായ്ക്കെട്ടി | അബ്ദുൾ സലാം, ചിറക്കൽ വീട്, നായ്ക്കെട്ടി | 813/1/20 /28.02.20 സർവ്വേ നം.587/7 | 2.3 | 10,800 | 2,25,000 | 2,00,000 | 97,826 |
| 6 | ചാക്കോ ജോസഫ്, കോടിക്കരയിൽ വീട്,നൂൽപ്പുഴ | ഉഷ മാധവൻ, കുറുമക്കുന്ന് വീട്, അമ്പലവയൽ | 980/20 /10.03.20 സർവ്വേ നം.1372/2 | 2.2 | 6806.52 | 1,90,000 | 1,90,000 | 86,364 |
| 7 | റോസിലി W/o ജോസഫ്, മറ്റത്തിൽ വീട്,നായ്ക്കെട്ടി | ഉഷ മാധവൻ, കുറുമക്കുന്ന് വീട്, അമ്പലവയൽ | 981/20 /1/10.03.20 സർവ്വേ നം.137/2 | 2.2 | 6806.25 | 1,90,000 | 1,90,000 | 86,364 |
| 8 | പത്മാവതി, പാമ്പുംകുനി വീട്,കിടങ്ങനാട് | ബേബിലത, കിഴക്കേവീട്ടിൽ, തൃക്കൈപ്പറ്റ | 840/20 /1/20.03.20 | 2.3 | 14788 | 175000 | 175000 | 79,087 |
| 9 | സുനീറ പി.സി, W/o നിസ്സൽ, പുത്തൻപീടിയേക്കൽ വീട്, നായ്ക്കെട്ടി | ബീവി W/o മൂസ, മുട്ടൺതൊടിയിൽ വീട്, നായ്ക്കെട്ടി | 198/20 /15.06.20 സർവ്വേ നം.509/16 | 2.43 | 74100 | 200000 | 200000 | 82,304 |
| 10 | വിലാസിനി, W/o കൃഷ്ണൻകുട്ടി, പാറയിൽ വീട്, മൂലങ്കാവ് | സതീർത്ഥൻ.കെ.പി, കക്കുഴിപറമ്പൻ വീട്, മൂലങ്കാവ് | 1695/20 /1/20.07.20 സർവ്വേ നം.464/2 | 1.62 | 6000 | 206000 | 200000 | 1,23,457 |
| 11 | സന്തോഷ് മൂലെ വീട്ടിൽ,മാതമംഗലം, നായ്ക്കെട്ടി | അഭിഷേക്.പി.കെ, വെളിയമ്പം, പുൽപ്പള്ളി | 1732/20 /1/20.08.20 സർവ്വേ നം.167/15 | 1.77 | 12500 | 195000 | 195000 | 1,10,169 |
| 12 | അബ്ദുൾ സലിം, കൊട്ടാരവളപ്പിൽ വീട്, നൂൽപ്പുഴ | എൻ.എ.മുഹമ്മദ്, നെടിയകാഞ്ഞിരത്തിങ്കൽ വീട്, നൂൽപ്പുഴ | 3156/1 /20/16.1120 സർവ്വേ നം.149/2 | 2.2 | 19760 | 200000 | 200000 | 90,909 |

ന്യായവിലയിലും വളരെ അധികരിച്ച നിരക്കിനാണ് സ്ഥലം വാങ്ങിയിരിക്കുന്നത് എന്നത് വ്യക്തമാണ്. സ്ഥലം വിൽക്കുന്നയാളുകളെ നിർവ്വഹണോദ്യോഗസ്ഥൻ ആണ് തെരെഞ്ഞെടുത്തിരിക്കുന്നത്.പ്രസ്തുത രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണസമിതി/പ്രൊക്യർമെന്റ് കമ്മിറ്റി തീരുമാനങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥലം നൽകിയതിൽ, ആദിവാസി ഭൂമി, തോട്ട ഭൂമി, തണ്ണീർത്തടം, നിക്ഷിപ്ത വനഭൂമി, മിച്ച ഭൂമി, പരിസ്ഥിതി ദുർബല ഭൂമി, സർക്കാർ തർക്ക ഭൂമി, ഭൂപരിധിയിൽ കവിഞ്ഞ ഭൂമി എന്നിവയാണോ എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ ഫയലിൽ ഇല്ല. മുകളിലെ പട്ടികയിലെ ക്രമ നം. 8-ന്റെ ഫയലിൽ, 27/08/2019-ലെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഉടമസ്ഥാവകാശ സാക്ഷ്യപത്ര പ്രകാരം (നം.5105301/525/2019) 293/1 എന്ന നമ്പറിൽ കെട്ടിടം ഉണ്ട് എന്ന് പറഞ്ഞിട്ടുണ്ട്. മേൽ കെട്ടിടം പഴക്കം മൂലം ഉപയോഗ യോഗ്യമല്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കെട്ടിട നമ്പർ ലഭിക്കണമെങ്കിൽ സ്വന്തം പേരിൽ സ്ഥലം ഉണ്ടാവേണ്ടതുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/20-21/30.06.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥലം വാങ്ങിയതിലുള്ള മേൽ അപാകതകൾ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

### 1-38 കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി (പ്രോ.നം.401/21)-ക്വട്ടേഷൻ ചെയ്യാത്തതു സംബന്ധിച്ച്

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് സെർവറിന് ക്വട്ടേഷൻ ക്ഷണിച്ച് HP Enterprise, Maksys എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ സ്വീകരിച്ചു(തുക ₹ 25960/).എന്നാൽ Desk Top Computer,DMP,UPS എന്നിവയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കാതെ മേൽ സ്ഥാപനത്തിന് ₹71626/യ്ക്ക് (ചെക്ക് നം.5566215/09-11-2020)എ.എം.സി നല്കുകയാണ് ചെയ്തത്.ക്വട്ടേഷൻ ക്ഷണിക്കാതെ എ.എം.സി നല്കിയത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.15/20-21തീ.29-6-22)മറുപടിയിൽ കോവിഡ് രൂക്ഷമായ സമയമായതിനാലും മുൻവർഷത്തേക്കാൾകുറഞ്ഞ തുകയായതിനാലുമാണ് ക്വട്ടേഷൻ ഇല്ലാതെ തുക അനുവദിച്ചത് എന്നറിയിച്ചു.ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-39 പദ്ധതി രൂപീകരണം -നിർവഹണം-തുക ചെലവഴിക്കുന്നതിൽ നിയന്ത്രണം ആവശ്യമാണ്

പദ്ധതി രൂപീകരണം-നിർവഹണം-മോണിറ്ററിംഗ്(പ്രോ.നം.07/21) എന്ന

പ്രോജക്റ്റിൽ ₹138004/(പ്ലാൻ ഫണ്ട്-ജനറൽ) നിശ്ചയിച്ച് ₹93650/ചെലവഴിച്ചിട്ടുണ്ട്.ഇതിൽ ₹ 82000/(ബിൽ നം.10/20-21/11-9-20) ദുരന്ത നിവാരണ പദ്ധതി രേഖ പ്രിന്റ് ചെയ്യുന്നതിനാണ് (103 കോപ്പി) ചെലവഴിച്ചത്.ഈ ആവശ്യത്തിന് ഇത്രയും തുക (ഒരു കോപ്പിക്ക് ₹796/) ചെലവഴിക്കേണ്ടതുണ്ടോയെന്ന് ഭരണ സമിതി പരിശോധിക്കേണ്ടതും സാമ്പത്തിക അച്ചടക്കം പാലിക്കുന്ന കാര്യത്തിൽ ഭരണ സമിതിയുടെ ക്രിയാത്മകമായ ഇടപെടൽ ആവശ്യമാണെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ,ഫോർമേഷൻ -PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ നഷ്ടം-പൂർത്തികരണകാലാവധി ദീർഘിച്ചിട്ടും. പിഴ ഈടാക്കിയിട്ടില്ല.

കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ഫോർമേഷൻ പ്രവൃത്തിയുടെ ബിൽ തുക കരാറുകാരന് അനുവദിച്ചപ്പോൾ PACയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ അധികം തുക നൽകി കൂടാതെ പൂർത്തികരണകാലാവധി ദീർഘിച്ചിട്ടും ബില്ലിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

കാപ്പാട് റോഡ് ടാറിംഗ്,മെയിന്റനൻസ് ,ഫോർമേഷൻ

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.235/21 |
| നിർവഹണം | അസി.എഞ്ചിനീയർ |
| അടങ്കൽ & ഫണ്ട് | ₹987000/- (വികസനഫണ്ട്.ജനറൽ) |
| ചെലവ് | ₹948784<br>ട്രഷറി ബിൽ നമ്പർ-15/27.05.20 |
| കരാർ നമ്പർ & തീയതി | 87/AE/LSGD/NLP 18-19/29.01.19 |
| കരാറുകാരൻ | അബ്ദുൾ അസീസ് |
| അളവ് പുസ്തക നമ്പർ | 247/17-18 |
| പൂർത്തിയാക്കേണ്ടിയിരുന്ന തീയതി | 31.03.19 |
| പ്രവൃത്തി ആരംഭിച്ച തീയതി | 05.03.20<br>അളവുപുസ്തകം പേജ്,1/247/17-18 |
| പ്രവൃത്തി പൂർത്തിയാക്കിയ തീയതി | 20.03.20<br>അളവുപുസ്തകം പേജ്,7/247/17-18 |

ഇ.ടെണ്ടർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തിയിൽ കരാറുകാരൻ ക്വാട്ട് ചെയതിരിക്കുന്നത് 906241.43 രൂപയാണ്.എന്നാൽ ആകെ ചെയ്ത പ്രവൃത്തിമൂല്യം PAC യിൽ ലിമിറ്റ് ചെയ്യാത്തതിനാൽ താഴെപ്പറയുന്ന രീതിയിൽ അധികം നൽകി.

| നൽകിയ തുക | | നൽകാവുന്ന തുക | |
|---|---|---|---|
| ആകെ ചെയ്ത പ്രവൃത്തിമൂല്യം | 1018355.31 | ആകെ ചെയ്ത പ്രവൃത്തിമൂല്യം | 1018355.31 |
| PAC യിൽ ലിമിറ്റ് ചെയ്തത് | 954944 | PAC യിൽ ലിമിറ്റ് ചെയ്തത് | 906241.43 |
| കാലി ബാരൽ വില ,6160<br>കുറച്ചത് | 948784 | കാലി ബാരൽ വില 6160<br>കുറച്ചത് | 900081 |
| നികുതികൾ<br>IT-9549<br>CWWF-9549<br>GST-19098<br>കുറച്ചത് | 910583 | നികുതികൾ<br>IT-9062<br>CWWF-9062<br>GST-18124<br>കുറയ്ക്കേണ്ടതാണ് | 863833 |
| കരാറുകാരന് നൽകിയത് | 910583 | കരാറുകാരന് നൽകാവുന്നത് | 863833 |
| അധികം നൽകിയത് | | | 46750 രൂപ |

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2112 വകുപ്പ് പ്രകാരം പൂർത്തികരണകാലാവധി ദീർഘീകരണത്തിന് കാലാവധി തീരുന്നതിന് മുമ്പ് കരാറുകാരൻ അസി. എഞ്ചിനീയർ മുഖേനെ അപേക്ഷിക്കേണ്ടതാണ്. ദീർഘിപ്പിക്കുന്ന കാലയളവ് ഒറ്റതവണ, പൂർത്തീകരണത്തിന് അനുവദിച്ച കാലാവധിയുടെ 25% ത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം പൂർത്തികരണത്തിന് അനുവദിച്ച കാലാവധിയുടെ 50% - ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. 2112.1 വകുപ്പ് അനുസരിച്ച് പൂർത്തികണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ടിവരുന്ന ഘട്ടത്തിൽ പിഴ ഈടാക്കേണ്ടതാണ്. കൂടാതെ, ദീർഘീകരണ അനുമതി ലഭിക്കാതെ പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതുമല്ല.

പൊതുമരാമത്ത് മാന്വൽ പ്രകാരം പിഴയോടുകൂടിയല്ലാതെ കാലാവധി ദീർഘീകരണം അനുവദിക്കാവുന്നതല്ല. ആദ്യ ദീർഘീകരണം കരാർ തുകയുടെ 1% -വും പിന്നീടുള്ള ദീർഘീകരണം കരാർ തുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ടാണ് നടത്തേണ്ടത്. എന്നാൽ അസി. എഞ്ചിനീയർ കരാറുകാരനുമായി ചമച്ച ഉഭയകക്ഷി കരാറിലെ 7-ാം വ്യവസ്ഥയിൽ ആകെ ദീർഘീകരണ സമയത്തിന്റെ 20% സമയം പിഴയില്ലാതെയും അതുകഴിഞ്ഞ് ആദ്യ 3 മാസം വരെ സമയം കരാർതുകയുടെ 1% -വും പിന്നീടുള്ള ഒരോ 3 മാസത്തിനും കരാർതുകയുടെ 2%-വും പിഴയായി ചുമത്തികൊണ്ട് കാലാവധി നീട്ടികൊടുക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2116.1 വകുപ്പനുസരിച്ച് കരാറുടമ്പടിയിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടാൽ കരാർ റദ്ദ് ചെയ്ത് പ്രവൃത്തി മറ്റ് വിധത്തിൽ പൂർത്തിയാക്കാവുന്നതാണ്. കരാറുകാരൻ പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, നിശ്ചിത സമയപരിധിക്കകം പൂർത്തികരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്തതിനോ കരാർ തുകയുടെ 0.1% ഒരോ ആഴ്ചക്കും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. 2116.2 വകുപ്പ് അനുസരിച്ച് അവശേഷിക്കുന്ന പ്രവൃത്തിയുടെ 30% തുക കരാറുഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി മറ്റൊരാളെ എൽപ്പിക്കാവുന്നതുമാണ്.

എന്നാൽ ഈ പ്രവൃത്തി യഥാസമയം ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ കരാറുകാര്ൻ പൂർത്തികരണത്തിന് അധിക സമയം ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടില്ല. ഭരണസമിതി സമയം ദീർഘിപ്പിച്ച നൽകിയതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിയമ പ്രകാരം പൂർത്തികരണകാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ് ആയതിന് തുക അനുവദിക്കാവുന്നതല്ല. എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ യാതൊരു നിയമ നടപടികളും കൈകൊണ്ടിട്ടില്ല എന്ന മാത്രമല്ല നിശ്ചിത സമയപരിധിക്കകം പൂർത്തികരിക്കാത്ത കരാറുകാരനിൽ നിന്നും ഉഭയകക്ഷി കരാർ പ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ തുക പോലും ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്.

ഈടാ ക്കേ ണ്ടിയി രു ന്ന പി ഴ തു കയു ടെ വി ശദാം ശങ്ങൾ

| | |
|---|---|
| പി ഴയി ല്ലാ തെ അനു വദിക്കാ വു ന്നഅധി ക സമയം<br>(60 X 20/100) | 12 ദി വസങ്ങൾ |
| പി ഴയി ല്ലാ തെ അനു വദിക്കാ വു ന്ന അധി ക സമയം<br>അവസാ നിക്കു ന്ന തീ യ്യതി (31.03.19 + 12 ദി വസങ്ങൾ) | 12.04.2019 |
| ആദ്യ മൂ ന്ന് മാ സത്തേ ക്ക് 12.04.19 മു തൽ 11.07.19വരെ<br>(കരാ ർ തു കയു ടെ 1%) | 906241.43*1/100=9062 |
| അടു ത്ത മൂ ന്ന് മാ സത്തേ ക്ക് 12.07.19 മു തൽ 11.10.19<br>വരെ (കരാ ർതു കയു ടെ 2%) | 906241.43*2/100=18124 |
| അടു ത്ത മൂ ന്ന് മാ സത്തേ ക്ക് 12.10.19 മു തൽ 11.01.20<br>വരെ (കരാ ർതു കയു ടെ 2%) | 906241.43*2/100=18124 |
| 12.01.20 മു തൽ 20.03.20 വരെ (കരാ ർതു കയു ടെ 2%) | (906241.43*2/100)/90*68=13694 |
| ആകെ പി ഴയാ യി ഈടാ ക്കേ ണ്ട തു ക | 59004/- |

ഓഡിറ്റ് എൻക്വയറി.നം.8/20-21തീയതി 28.06.22. പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നല്കിയിട്ടില്ല.അധികം നൽകിയ 46750 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.അധികം നൽകിയ തുകയും നിയമാനുസൃതം ഈടാക്കേണ്ട പിഴയും ഉത്തരവാദികളിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്ന് -ടെണ്ടർ കുറവ് വരുത്തിയില്ല.

തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ ബില്ലിൽനിന്നും ടെണ്ടർ കുറവ് വരുത്താത്തതിനാൽ 7978 രൂപയുടെ നഷ്ടം.

1. പ്രോജക്റ്റ് നമ്പർ- 259/21,

ടെണ്ടർ തീയതി-07.03.19

പ്രോജക്റ്റ്- കവർ നിർമ്മാണയൂണിറ്റിന് ഷെഡ് നിർമ്മാണം

നിർവഹണം- അസി.എൻജിനീയർ, അടങ്കൽ-₹2,00,000/-

കരാറുകാരൻ -അബ്ദുൾ അസീസ്

എഗ്രിമെന്റ് നമ്പർ- AE/LSGD/NLP/97/18-19/18.03.19

ബിൽ നമ്പർ നമ്പർ-16/20-21/27/5/20

പ്രവർത്തി 3.5 % ടെണ്ടർ കുറവിനാണ് കരാറുകാരൻ ഏറ്റെടുത്തത്.. ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം- 138692.87രൂപ. ,ആദായനികുതി 1%,,കെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം 1% എന്നിവ 2774കുറച്ച് 135918രൂപ കോൺട്രാക്ടർക്ക് നൽകി. ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്.ടെണ്ടർ കുറവ് നടത്താത്തതിനാൽ 4756

രൂപ അധികം നൽകി.

കരാറുകാരന് നൽകാവുന്ന തുക ഇപ്രകാരമാണ്

ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം - 138692 രൂപ.

കുറക്കുക (3.5% ടെണ്ടർ കുറവ്) -4854

ബാക്കി -133838

IT(1%)-1338,CWWF(1%)-1338

കരാറുകാരന് നൽകാവുന്നത്-131162

കരാറുകാരന് നൽകിയത്-135918

അധികം നൽകിയത്-4756

2. പ്രോജക്ട് നമ്പർ- 331/21,

ടെണ്ടർ തീയതി-07.03.19

പ്രോജക്ട്- വള്ളുവാടി കളത്തൂർകുന്ന് റോഡ് റീടാറിംഗ്

നിർവഹണം- അസി.എൻജിനീയർ, അടങ്കൽ-₹7,00,000/-

കരാറുകാരൻ -അബ്ദുൾ അസീസ്

എഗ്രിമെന്റ് നമ്പർ- 102/AE/LSGD/NLP/18-19/18.03.19

ബിൽ നമ്പർ നമ്പർ-29/20-21/20.08.20

പ്രവർത്തി 0.5 % ടെണ്ടർ കുറവിനാണ് കരാറുകാരൻ ഏറ്റെടുത്തത്.. ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം- 671755രൂപ. ,ആദായനികുതി 6718,,കെട്ടിടനിർമ്മാണതൊഴിലാളിക്ഷേമനിധിവിഹിതം 6718 ,GST-13436എന്നിവയും കുറച്ച് 644883 രൂപയിൽ നിന്ന് ടാർ ബാരൽ വില 10360 രൂപ കുറച്ച് എസ്റ്റിമേറ്റിലെ GST വിഹിതവും ഉൾപ്പെടുത്തി 667098 രൂപ കരാറുകാരന് നൽകി.. ടെണ്ടർ കുറവ് വരുത്താതെയാണ് തുക നൽകിയത്.ടെണ്ടർ കുറവ് നടത്താത്തതിനാൽ 3222 രൂപ അധികം നൽകി.

കരാറുകാരന് നൽകാവുന്ന തുക ഇപ്രകാരമാണ്

ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം - 671755 രൂപ.

കുറക്കുക (0.5% ടെണ്ടർ കുറവ്) -3358

ബാക്കി -668397

IT(1%)-6684,CWWF(1%)- 6684,GST-13368,ബാരൽ വില- 10360,

ബാക്കി -631301

കൂട്ടുക-GST-32575

കരാറുകാരന് നൽകാവുന്നത്- 663876

കരാറുകാരന് നൽകിയത്-667098

അധികം നൽകിയത്-3222

ഓഡിറ്റ് എൻക്വയറി.നം. 2 /20-21തീയതി 23.06.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അധികം നൽകിയ 7978 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. അധികം നൽകിയ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് , സു. ബത്തേരി | 2020-21 | 285000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി ടി എസ് പി | 285000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1346639 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി ടി എസ് പി | 1346639 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 499564 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി എസ് സി പി | 499564 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 4149578 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി ജനറൽ | 4149578 | 0 |
| ബ്ലോക്ക് പഞ്ചായത്ത് , സു. ബത്തേരി | 2020-21 | 200424 | പാലിന് സബ്സിഡി ജനറൽ | 200424 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 695264 | പാലിന് സബ്സിഡി ജനറൽ | 695264 | 0 |
| ബ്ലോക്ക് പഞ്ചായത്ത് , സു. ബത്തേരി | 2020-21 | 1550000 | ലൈഫ് മിഷൻ എസ് ടി | 1550000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് , സു. ബത്തേരി | 2020-21 | 440000 | ലൈഫ് അഡീഷണല് ലിസ്റ്റ് - പട്ടികജാതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകൽ | 440000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് , സു. ബത്തേരി | 2020-21 | 1040000 | ലൈഫ് മിഷൻ - ജനറൽ | 1040000 | 0 |

## 4-2 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8140000/- .രൂപ വരവുണ്ട്. മുൻബാക്കി.21274619/- രൂപയടക്കം 29414619/- രൂപയിൽ. 5321656/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

എന്നാൽ 2 കോടി 94 ലക്ഷം രൂപ മുൻബാക്കിയുള്ളതിൽ ആകെ അൻപത് ലക്ഷം രൂപയോളമേ ചെലവഴിച്ചിട്ടുള്ളൂ. അതിനാൽ ആ വർഷം വരവു വന്ന തുക 8140000 രൂപ പഞ്ചായത്തിന് പലിശഭാരം വരുത്താൻ ഉപകരിച്ച വരവാണ്. വിനിയോഗത്തിന് ആവശ്യമായ തുകകൾ മാത്രം അതത് സമയങ്ങളിൽ വായ്പ എടുക്കുന്നുള്ളൂ എന്നുറപ്പാക്കേണ്ടതാണ്. കൂടാതെ എടുത്ത വായ്പത്തുക യഥാക്രമം വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ | സ.ഉ. (എം.എസ്) നം. 2278/ തസ്വഭവ തീയ്യതി 18.08.2018 | 15271717/- | 12506647/- | 1155646/- | പലിശ ഇല്ല | 1135100/- |
| സാഫല്യം ഭവന വായ്പാ പദ്ധതി | സ.ഉ. (എം.എസ്) നം. 83/13 തസ്വഭവ തീയ്യതി | 20000000/- | 8318081/- | 3528505/- | 637505/- | 4765034/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | 11.03.2013 | | | | | | |

## 4-3 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-4 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-5 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | -- | 2003-04 | 3-12(5) | കൽക്കെട്ട് മൂല ചെക്ക് ഡാം നിർമ്മാണം. | ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിയമസഭ സമിതിക്ക് മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 2-2 | 2017-18 | 1.12.3 | റിസോർട്ടുകളെ ലോഡ്ജ് ആയി കണക്കാക്കി നികുതി നിർണ്ണയിച്ചു. | നികുതി മുൻകാല പ്രാബല്യത്തോടെ പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. ആയതിന്റെ മറുപടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 2016-17 | 2-4 | 2017-18 | 1.12.5 | സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, ആയുർവേദ കേന്ദ്രങ്ങൾ എന്നിവയ്ക്ക് അടിസ്ഥന വസ്തു നികുതി നിശ്ചയിച്ചിട്ടില്ല. | -- |

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹ 17,66,80,885 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹ 16,93,30,471 |
| വരവിനങ്ങളിലുള്ള നഷ്ടം | : - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : ₹ 54,728 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ₹ 67,95,077 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹ 46,750.00 | ശ്രീ. ബിജു. വി.ജി, അസി .എഞ്ചിനീയർ |
| 3-2 | ₹ 7,978.00 | ശ്രീ. ബിജു. വി.ജി, അസി .എഞ്ചിനീയർ |
| ആകെ | ₹ 54,728.00 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | ₹ 18,66,869.00 | ശ്രീ. സുരേന്ദ്രൻ കെ.എ., ഹെഡ്മാസ്റ്റർ |
| 1-28 | ₹ 49,28,208.00 | ശ്രീമതി. ഷാലി.ടി.സി,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| ആകെ | ₹ 67,95,077.00 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | | |
| ശ്രീ. ബിജു. വി.ജി,<br>അസി .എഞ്ചിനീയർ | അസി .എഞ്ചിനീയർ ,<br>നൂൽപ്പുഴ ഗ്രാമ പഞ്ചായത്ത് | വെട്ടിക്കാട്ടിൽ വീട്,<br>ചെറ്റപ്പാലം.പി.ഒ,<br>പുൽപ്പള്ളി,<br>വയനാട് |
| ശ്രീ. സുരേന്ദ്രൻ കെ.എ.,<br>ഹെഡ്മാസ്റ്റർ | റിട്ടയേർഡ് | കുണേരി വീട്,<br>കാക്കവയൽ പി.ഒ.,<br>സുൽത്താൻ<br>ബത്തേരി<br>വയനാട്. |
| ശ്രീമതി. ഷാലി.ടി.സി,<br>ഐ സി ഡി എസ്<br>സൂപ്പർവൈസർ | റിട്ടയേർഡ് | തുർക്കടമലയിൽ<br>വീട്,<br>തേലമ്പറ്റ,<br>മൂലങ്കാവ്.പി.ഒ,<br>വയനാട്. |

## 4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ. എഫ് (ഡബ്ല്യു) P4-966/08(1),06.09.2008 | 31 |
| 1999-2000 | എൽ. എഫ് (ഡബ്ല്യു) P4-351/18. 21.05.2018 | 3 |
| 2000-01 | എൽ. എഫ് (ഡബ്ല്യു) പി1-188/02,07.06.2003 | 33 |
| 2001-02 (പ്ലാൻ) | എൽ. എഫ് (ഡബ്ല്യു) P3-467/04,14.10.2004 | 11 |
| 2001-02 | എൽ. എഫ് (ഡബ്ല്യു) P4-406/05, 08.01.2008 | 5 |
| 2002-03 | എൽ. എഫ് (ഡബ്ല്യു) പി4-107/07, 12.02.2008 | 1 |

| | | |
|---|---|---|
| 2003-04 | എൽ. എഫ് (ഡബ്ല്യൂ) P4-661/08(1), 04.12.2008 | 11 |
| 2004-05 | എൽ. എഫ് (ഡബ്ല്യൂ) P4-351/18, 21.05.2018 | 2 |
| 2005-06 | എൽ. എഫ് (ഡബ്ല്യൂ) P4-66/08 . 11/06/2019 | 2 |
| 2006-07 | എൽ. എഫ് (ഡബ്ല്യൂ) P4-841/09. 8.1.10 | 16 |
| 2007-08 | എൽ. എഫ് (ഡബ്ല്യൂ) P4-842/09/ 7.1.10 | 21 |
| 2008-09 | എൽ. എഫ് (ഡബ്ല്യൂ) P4-388/11/ 1.10.11 | 39 |
| 2009-10 | എൽ. എഫ് (ഡബ്ല്യൂ) P4-461/11/ 11/06/2019 | 15 |
| 2010-11 | എൽ. എഫ് (ഡബ്ല്യൂ) P4-796/13,19.07.2013 | 25 |
| 2011-12 & 2012-13 | എൽ. എഫ് (ഡബ്ല്യൂ) P5-506/14, 11.06.2019 | 6 |
| 2013-14 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-475/15, 17.08.2016 | 12 |
| 2014-15 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-429/16 ,25.03.2017 | 17 |
| 2015-16 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി )-P4-880/16 , 15.03.2019 | 25 |
| 2016-17 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4- 575/17,16.10.2018 | 20 |
| 2017-18 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4 -874/18, 02/08/2019 | 16 |
| 2018-19 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4 -772/19, 08/02/2020 | 16 |
| 2019-20 | കെ. എസ്. എ (ഡബ്ല്യൂ.വൈ.ഡി)-പി4 20/2022, 27/05/2022 | 9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ നൂൽപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്